# ചില ഭൂപ്രശ്നങ്ങൾ

—കേന്ദ്രകമ്മററി പ്രമേയം

# പണിയെടുക്കുന്ന കൃഷിക്കാരുടെ കർഷകസംഘം

—ഇ. എം. എസ്സ്.

3783

# കർഷകത്തൊഴിലാളി പ്രസ്ഥാനം സമരൈക്യത്തിലൂടെ കരുത്താർജ്ജിച്ചു മുന്നേറുക.

—ഇ. എം. എസ്സ്.

Library & Research Center

കേരള കർഷകസംഘം പ്രസിദ്ധീകരണം

1974 ജനുവരി    വില 30 പൈസ

# പ്രസാധകക്കുറിപ്പു്

333.2

മാന്യവായനക്കാരെ!

ഈ ലഘുലേഖയിൽ ഒന്നാമതായി കൊടുത്തിട്ടുള്ളതു് ചില ഭൂപ്രശ്നങ്ങൾ സംബന്ധിച്ചു് പൊതുവിൽ ഇൻഡ്യക്കൊട്ടാകെ ബാധകമാക്കാവുന്ന സമൂർത്ത മുദ്രാവാക്യങ്ങളുടങ്ങിയതും, ഇന്ത്യൻ കമ്മ്യൂണിസ്റ്റുപാർട്ടി (മാർക്സിസ്റ്റ്) കേന്ദ്രകമ്മററി അംഗീകരിച്ചതുമായ പ്രമേയമാണു്.

കേരളകർഷക സംഘത്തിൻെറയും കേരളസ്റ്റേററ് കർഷകതൊഴിലാളികളുടേയും ഇത്തവണനടന്ന സംസ്ഥാനസമ്മേളനങ്ങളുടെ സന്ദർഭത്തിൽ ഈ പ്രമേയത്തിൻെറ വെളിച്ചത്തിൽ സഖാവു് ഈ. എം. എസ്സ്. എഴുതിയ രണ്ടു ലേഖനങ്ങളും ഇതിൽ ചേർത്തിട്ടുണ്ടു്.

ഈ പ്രമേയവും ലേഖനങ്ങളും കർഷക-കർഷക തൊഴിലാളി പ്രസ്ഥാനത്തിൻെറ ഭാവി പ്രവർത്തനങ്ങൾക്കാകെ മാർഗ്ഗദർശകമായിത്തീരുമെന്നതുകൊണ്ടാണു് ഈ ലഘുലേഖ പ്രസിദ്ധീകരിക്കുന്നതിൽ ഞങ്ങൾ പ്രത്യേകതാല്പര്യം പ്രകടിപ്പിക്കുന്നതെന്ന വസ്തുത ഈയവസരത്തിൽ വ്യക്തമാക്കിക്കൊള്ളട്ടെ!

പ്രസാധകർ

PG Library & Research Center

# ചില ഭൂപ്രശ്നങ്ങൾ

**1973 നവംബർ അവസാനത്തെ ആഴ്ചയിൽ ചേർന്ന കമ്മ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടിയുടെ കേന്ദ്രക്കമ്മിററി യോഗം പാസ്സാക്കിയ ഭൂപ്രശ്നങ്ങളെ സംബന്ധിച്ചുള്ള പ്രമേയമാണ് ചുവടെ ചേർക്കുന്നത്.**

1. കർഷകപ്രസ്ഥാനത്തെ വളർത്തിയെടുക്കുന്ന പ്രക്രിയയിൽ 1966ലെ കേന്ദ്രക്കമ്മിററി പ്രമേയപ്രകാരമുള്ള "കർഷകമുന്നണിയുടെ കടമകൾ"ക്ക് മൂർത്തരൂപം നല്കുന്നതിനിടക്കു നമ്മുടെ പാർടിയിൽ ചില അഭിപ്രായവ്യത്യാസങ്ങൾ പൊന്തിവന്നു. അവ താഴെപറയുന്ന സംഗതികളെ സംബന്ധിച്ചുള്ളവയാണ്; 1) ഭൂപരിധി: ഭൂപ്രഭുക്കളല്ലാത്തവരും നേരിട്ട് കൃഷി ചെയ്യാത്തവരുമായ ഭൂവുടമകളോട് നമ്മുടെ നിലപാട്, 2) (മര്യാദപ്പാട്ടം, ഭൂവുടമാവകാശം, ഭൂമി തിരിച്ചെടുക്കാനുള്ള അവകാശം എന്നിവ സംബന്ധിച്ച്) കൃഷിചെയ്യാത്ത ഭൂവുടമകളുടെ, പ്രത്യേകിച്ച് ചെറുകിടക്കാരുടെ, അവകാശങ്ങളും പങ്കുവാരക്കാരുടെ അവകാശങ്ങളും: 3) ഭൂമിക്കും കൂലിക്കുംവേണ്ടിയുള്ള കർഷകതൊഴിലാളിസമരം സംബന്ധിച്ച പ്രശ്നങ്ങൾ; ട്രാക്ടർ മുതലായ കാർഷികയന്ത്രാവലി ഉപയോഗിക്കുന്നതിനെകുറിച്ചുള്ള കർഷകപ്രസ്ഥാനത്തിന്റെ നിലപാട്; 4) കൃഷിക്കാരുടെ ഉല്പന്നങ്ങൾക്കു ന്യായവില എങ്ങിനെ നിർവചിക്കണം; 5) ഭൂപരിഷ്കരണ നിയമങ്ങൾ, മൂർത്തമായ അടിയന്തിരാവശ്യങ്ങൾക്കുവേണ്ടിയുള്ള ബഹുജന സമരങ്ങളും പാർടി പരിപാടിപ്രകാരമുള്ള കൃഷിക്കാരുടെ ആവശ്യങ്ങൾ പ്രചരിപ്പിക്കലും തമ്മിലുണ്ടാകേണ്ട ബന്ധം

2. "നാടുവാഴിത്തപരവും മുതലാളിത്തപരവുമായ ഭൂപ്രഭുത്വത്തെ നഷ്ടപരിഹാരം കൊടുക്കാതെ റദ്ദാക്കുക. ഭൂപ്രഭുക്കളുടെ എല്ലാ ഭൂമിയും കർഷകതൊഴിലാളികൾക്കും ദരിദ്രകൃഷിക്കാർക്കും സൗജന്യമായി വിതരണം ചെയ്യുക" എന്നായിരിക്കണം കർഷക പ്രസ്ഥാനത്തിന്റെ കേന്ദ്ര മുദ്രാവാക്യമെന്നു കേന്ദ്രക്കമ്മിററി ആവർത്തിക്കുന്നു.

3. ഈ മൗലികാവശ്യത്തെ മൂർത്തമായി പ്രചരിപ്പിക്കണം. ഇതു കൈവരിക്കുന്നതിനായി പ്രസ്ഥാനവും സമരങ്ങളും വളർത്തിയെടുക്കണം ഭൂപരിധി, കുടിയായ്മ, മിനിമംകൂലി, ന്യായവില, നികുതി മുതലായവസംബന്ധിച്ച് പുതിയ നിയമനിർമാണങ്ങൾ കോൺഗ്രസ് ഗവൺമെൻറ് ഇപ്പോൾ കൊണ്ടുവന്നിരിക്കയാണ്. ഭൂപരിധിയെ സംബന്ധിച്ച ഈ നിയമനിർമാണങ്ങൾ ഭൂപ്രഭുത്വം അവസാനിപ്പിക്കുമെന്നും കർഷകതൊഴിലാളികൾക്കും നാട്ടിൻപുറത്തെ ദരിദ്രർക്കും ഭൂമികിട്ടാൻ സഹായകരമാകുമെന്നും അവർ വാദിക്കുന്നു.

4. ഭരണവർഗ്ഗ ഗവൺമെൻറുകൾ ഈ ഭൂനിയമങ്ങൾ നിയമസഭാതലങ്ങളിൽ കൊണ്ടുവരുമ്പോഴും നമ്മുടെ പൊതുപ്രചരണത്തിലും പരിപാടിയനുസരിച്ചുള്ള നമ്മുടെ നിലപാടിനെ ആസ്പദമാക്കി നാം ബദൽ നിർദ്ദേശങ്ങൾ മുന്നോട്ടുവെക്കണം തങ്ങൾ നിർദ്ദേശിക്കുന്ന പരിഹാരങ്ങളെ മൗലികപരിഹാരങ്ങളായി അവർ ഇങ്ങനെ അവതരിപ്പിക്കുമ്പോൾ ഭരണവർഗ്ഗങ്ങളുടെ നിർദ്ദേശങ്ങളുടെയും നിയമനിർമ്മാണങ്ങളുടേയും പൊള്ളത്തരവും ദയനീയ സ്വഭാവവും തുറന്നു കാട്ടാനാണിതു്.

5. പരിപാടിയനുസരിച്ചുള്ള മൗലികമായ ബദൽ ഭേദഗതികൾ നാം അവതരിപ്പിക്കുകയും അവ തള്ളപ്പെടുകയും ചെയ്താൽ, ജനാധിപത്യ പ്രതിപക്ഷത്തിൻെറ നിയമസഭയിലെ സംഘബലത്തിൻെറയും പുറത്തുള്ള ബഹുജനപ്രസ്ഥാനത്തിൻെറ ബഹുജനശക്തിയുടെയും മൂർത്തമായ യാഥാർത്ഥ്യം മുന്നിൽ വെച്ചുകൊണ്ടു് ഭരണവർഗ്ഗങ്ങളിൽനിന്നു പിന്നെ കിട്ടാവുന്നതിൽ ഏററവും വലിയ ആനുകൂല്യങ്ങൾ കിട്ടാനായി മററനേകം ഭേദഗതികൾ നാം അവതരിപ്പിക്കണം.

6. എന്തു നിയമം പാസായാലും അതിലെ അനുകൂലഭാഗങ്ങൾ നടപ്പാക്കികിട്ടാനും ദോഷകരമായ ഭാഗങ്ങൾ നടപ്പാക്കാതിരിക്കാനും നാം ബഹുജനപ്രസ്ഥാനങ്ങൾ സംഘടിപ്പിക്കണം.

7. നിയമനിർമ്മാണം എത്ര പരിമിതമായാലും, ശക്തമായ ബഹുജനപ്രസ്ഥാനങ്ങൾ വളർത്തിയെടുത്തില്ലെങ്കിൽ ഇന്നത്തെ ഭരണവർഗ്ഗങ്ങളുടെയും അഴിമതിനിറഞ്ഞ ഉദ്യോഗസ്ഥ മേധാവിത്വവ്യവസ്ഥയുടെയും കീഴിൽ അവ നടപ്പാക്കികിട്ടില്ല എന്നിട്ടല്ലേ മൗലികപരിഹാരങ്ങളുടെ കാര്യം?

8. നിയമനിർമാണം നടപ്പിലാക്കുന്നതിനു കർഷകതൊഴിലാളികളുടെയും കൃഷിക്കാരുടെയും തിരഞ്ഞെടുക്കപ്പെട്ട കമ്മിററികൾ വേണമെന്ന ജനാധിപത്യപരമായ ആവശ്യം നാം ഉന്നയിക്കണം.

9. കർഷക വിപ്ലവപ്രസ്ഥാനം അവ നടപ്പിലാക്കാൻമാത്രം ശക്തി പ്രാപിച്ചാൽമാത്രമെ ഈ മൗലികപരിഹാരങ്ങൾ പ്രായോഗികമായി നടപ്പാ

ക്കിക്കാൻ കഴിയൂ. ഇന്നത്തെ ഭരണകൂടത്തിനു പകരം ഒരു ജനകീയ ജനാധിപത്യ ഭരണകൂടം സ്ഥാപിച്ചാൽമാത്രമെ ഈ നടപ്പാക്കൽ ആത്യന്തികമായി, വിജയകരമായി പൂർത്തിയാക്കാൻ കഴിയൂ. നമ്മുടെ പ്രചരണത്തിലും പ്രക്ഷോഭണത്തിലും നാം ഇക്കാര്യം നിരന്തരമായി ജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കണം.

## ഭൂപരിധി

10. കോൺഗ്രസ് ഗവൺമെൻറിൻെറ ഭൂപരിധിനിയമത്തിനുള്ള നമ്മുടെ ബദൽ, ഭൂപ്രഭുത്വം റദ്ദാക്കാനും ഭൂരഹിതരായ കർഷകതൊഴിലാളികൾക്കും ദരിദ്രകൃഷിക്കാർ, ധനികകൃഷിക്കാരെ ഒരു വർഗമെന്നനിലക്കു തൊടാതെ, ഭൂമി വെറുതെ കൊടുക്കാനും ഉള്ള നിർദ്ദേശങ്ങൾ മുന്നോട്ടുവെക്കുകയാണ്.

11. മുതലാളിത്ത ഭൂപ്രഭുക്കളോ അവരുടെ കുടുംബങ്ങളോ (തങ്ങളുടെ കൃഷിഭൂമിയിൽ) പ്രധാനപ്പെട്ട കൃഷിപ്പണികളിൽ കായികാദ്ധ്വാനംചെയ്തു പങ്കെടുക്കുന്നില്ല; ധനിക കൃഷിക്കാരോ അവരുടെ കുടുംബാംഗങ്ങളോ പ്രധാനപ്പെട്ട കൃഷിപ്പണികളിൽ കായികാദ്ധ്വാനം ചെയ്തു പങ്കെടുക്കുന്നു എന്നുള്ളതാണ് മുതലാളിത്ത ഭൂപ്രഭുക്കളും ധനികകൃഷിക്കാരും തമ്മിലുള്ള മുഖ്യ വിഭജനരേഖ.

12. "ഭൂപ്രഭുത്വം അവസാനിപ്പിക്കുക" എന്ന മുദ്രാവാക്യം ഫലപ്രദമായി പ്രചരിപ്പിക്കുന്നതിന്, ആരാണ് ധനികകൃഷിക്കാരൻ, ആരാണ് ഭൂപ്രഭു എന്നതുസംബന്ധിച്ച് ഈ മാർക്സിസ്റ്റ്—ലെനിനിസ്റ്റ് സങ്കല്പം മുന്നിൽ വെച്ചുകൊണ്ട് ഈ സങ്കല്പത്തെ കൃഷിഭൂമിയുടെ അളവിൻെറ രൂപത്തിൽ മൂർത്തമാക്കേണ്ടതുണ്ട്.

13. രാജസ്ഥാൻ മരുഭൂമിപോലുള്ള പ്രദേശങ്ങൾ ഒഴിച്ചുള്ള വിവിധ സംസ്ഥാനങ്ങളിലെയും പ്രദേശങ്ങളിലെയും അനുഭവവും അവിടങ്ങളിൽ നിന്നുള്ള റിപ്പോർട്ടും വെച്ചുനോക്കുമ്പോൾ കാണുന്നത്, ഫലഭൂയിഷ്ടത മുതലായ കാർഷിക സാമ്പത്തിക സ്ഥിതികൾക്കനുസരിച്ച് 10-15 ഏക്കർ നഞ്ചയോ 20–30 ഏക്കർ പുഞ്ചയോ ഉള്ള ഒരു കുടുംബത്തെ അവർ സാധാരണ സ്വന്തം ഭൂമിയിലെ കൃഷിപ്പണികളിൽ കായികാദ്ധ്വാനം ചെയ്തു പങ്കെടുക്കുന്നുണ്ടെങ്കിൽ, ഒരു ധനിക കർഷക കുടുംബം എന്നു പറയുന്നു. ഇതിൽ കൂടുതൽ ഭൂമിയുള്ള കുടുംബങ്ങളെ, സാധാരണ അവർ സ്വന്തം ഭൂമിയിലെ മുഖ്യകൃഷിപ്പണികളിൽ കായികാദ്ധ്വാനം ചെയ്യാത്തപക്ഷം, ഭൂപരിധിയെ സംബന്ധിച്ചിടത്തോളം ഭൂപ്രഭുക്കളായി കരുതാവുന്നതാണ്.

14. കനാലുകൾ, കുളങ്ങൾ, കുഴൽക്കിണറുകളടക്കമുള്ള പമ്പ് ചെയ്യുന്നതോ അല്ലാത്തതോ ആയ കിണറുകൾ, നീരുറവുകൾ, എന്നീ ഗവൺമെ

ൻറ് അഥവാ സ്വകാര്യജലസേചനം വഴിക്കോ,തുടർച്ചയായി സമൃദ്ധമായി കിട്ടുന്ന മഴയുടെ രൂപത്തിലോ, ഒരു ദീർഘകാലവിളവെങ്കിലും എടുക്കാൻ കൃഷിക്കാരനെ സഹായിക്കുന്ന, സുനിശ്ചിതമായ ജലലഭ്യതയുള്ള എല്ലാ ഭൂമിയേയും "നഞ്ച" എന്നു പറയുന്നു.

സുനിശ്ചിതമായ ജലലഭ്യതയില്ലാത്തതും അപര്യാപ്തമായ മഴയെ ആശ്രയിക്കേണ്ടിവരുന്നതുമായ മററെല്ലാ ഭൂമിയെയും പള്ള്യാൽ എന്നു പറയുന്നു.

15. ഒരു സംസ്ഥാനത്തുതന്നെ വിവിധ കാർഷിക മേഖലകളിലും, പ്രദേശങ്ങളിലും ഈ അന്തരാളത്തിൽ (10-15 അഥവാ 20-30 ഏക്കർ) കൃത്യം പരിധി എന്തായിരിക്കണമെന്ന് നിശ്ചയിക്കേണ്ടതു് അതാതു് സംസ്ഥാനക മ്മററികളാണ്. എന്നാൽ, ചില പ്രത്യേക മേഖലകളിലോ വിപുലമായ പ്രദേശങ്ങളിലോ ഒരു കർഷക കുടുംബം കായികമായി കൃഷിപ്പണിയിൽ ഏർപ്പെടുന്ന ഭൂമിയുടെ വിസ്തീർണ്ണത്തിൽ ഗണ്യമായ അന്തരമുണ്ടെല്ലിൽ സംസ്ഥാനകമ്മററിക്ക് ഈ അന്തരാളം എന്തായിരിക്കണമെന്നു, പി. ബി യുടെയും ഡി. സി യുടെയും അംഗീകാരത്തിനു് വിധേയമായി നിശ്ചയിക്കാവുന്നതാണ്.

16. നനയ്ക്കുന്ന നാണ്യവിളകൾ പഴം-കായ്കറി വിളവുകൾ, തോട്ടങ്ങൾ മുതലായവക്കുള്ള ഭൂമിയുടെയോ വയലുകളുടേയോ ഭൂപരിധിയുടെ അന്തരാളം ഇതേ മൗലിക തത്വത്തെ അടിസ്ഥാനമാക്കി സർവ്വേചെയ്തു് നിശ്ചയിക്കേണ്ടതാണ്. ഒരു കർഷകകുടുംബത്തിനു് എത്രത്തോളം ഭൂമിയിൽ കൃഷിചെയ്യുന്നതിൽ കായികാധ്വാനംചെയ്തു പങ്കുകൊള്ളാൻ കഴിയുമെന്നാണ് ഈ തത്വത്തിൻെറ അടിസ്ഥാനം. പി. ബി. യുടെയും സി. സി.യുടെയും അംഗീകാരത്തോടെ ഇക്കാര്യത്തിലും സംസ്ഥാന കമ്മററിക്കു തീരുമാനമെടുക്കാവുന്നതാണ്.

17. മുകളിൽ നിശ്ചയിച്ച തരത്തിലുള്ള ഭൂപ്രഭുക്കളുടെ ഭൂമിയെല്ലാം (പരിധിക്കു താഴെയുള്ളതടക്കം) കർഷകത്തൊഴിലാളികൾക്കും ദരിദ്രകൃഷിക്കാർക്കും വിതരണം ചെയ്യുന്നതിനായി ഏറെറടുക്കേണ്ടതാണ്. ആ ഭൂമികളിൽ കുടിയാന്മാരുണ്ടെങ്കിൽ അവർക്ക് സൗജന്യമായി ഉടമാവകാശം നൽകപ്പെടുന്നതാണ്, ഭൂപ്രഭുക്കളെ കൃഷിഭൂമി കൈവശം വെക്കാൻ അനുവദിക്കുകയില്ല. അവർക്കൊട്ടു നഷ്ടപരിഹാരം നൽകുകയുമില്ല അവരിൽ ചിലർക്ക് ഉപജീവനത്തിനു മററു മാർഗമൊന്നുമില്ലെങ്കിൽ ഗവണ്മെണ്ടു് അവർക്ക് ജീവിക്കാൻ മററു മാർഗ്ഗങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതാണ്.

**കുടുംബം**

18. (പരിധിമുതലായ) ഈ നിയമ നിർമ്മാണങ്ങളെ സംബന്ധിച്ചിട

ത്തോളം ഒരു കുടുംബമെന്നു പറഞ്ഞാൽ പ്രായപൂർത്തി വന്ന ഒരു പുരുഷൻ, അയാളുടെ ഭാര്യയും അയാളെ ആശ്രയിച്ചു ജീവിക്കുന്ന മററുള്ളവരുമാണ്. ഇവരുടെ മൊത്തം എണ്ണം അഞ്ചിൽ അധികമാകരുത്.

19. ഒരു കുടുംബത്തിൽ കൂടുതൽ അംഗങ്ങളുണ്ടെങ്കിൽ കൂടുതലുള്ള ഓരോ അംഗത്തിനും പരിധിയുടെ പത്തിലൊന്നു ഭൂമി നൽകുന്നതാണ്. പക്ഷേ, കൂടുതലുള്ള അംഗങ്ങൾ എത്ര തന്നെയായാലും ഒരു കുടുംബത്തിനുള്ള മൊത്തം കൃഷിഭൂമി പരിധിയുടെ ഒന്നരമടങ്ങിലധികമായിക്കൂടാ.

20. ഒരു കുടുംബത്തിൽ രണ്ടോ അധികമോ പ്രായപൂർത്തി വന്ന പുരുഷന്മാരും അവരുടെ ഭാര്യമാരും കുട്ടികളും മററാശ്രിതരുമുണ്ടെങ്കിൽ അദ്ധ്വാനിക്കുന്ന ഓരോ പ്രായപൂർത്തിയുള്ള പുരുഷനെയും അയാളുടെ കുടുംബത്തെയും (ഭാര്യയും ആശ്രിതരും) ഓരോ വ്യത്യസ്ത കുടുംബമായി കണക്കാക്കുന്നതാണ്. ഈ ഓരോ കുടുംബത്തിനും പരിധിയനുസരിച്ചുള്ള ഭൂമി നല്കപ്പെടും

## ആരേയും ഒഴിവാക്കുന്നില്ല

21. ഭൂപരിധി നിയമത്തിൽ നിന്നു് ഒരു ഭൂമിയേയും ഒഴിവാക്കിക്കൂടാ. ഉൽപ്പാദന സംബന്ധമായ കാരണങ്ങളാൽ ചെറുതാക്കി വീതിച്ചുകൂടാത്ത വൻ തോട്ടങ്ങൾ ദേശസാൽക്കരിക്കേണ്ടതാണ്. എന്നാൽ ചെറിയതോട്ടങ്ങളെ ഭൂപരിധി നിയമത്തിൻ കീഴിൽ കൊണ്ടുവരേണ്ടതാണ്. തോട്ടമുടമകളെ തോട്ടത്തിൻെറ പരിധിക്കു പുറമെ മററു തരത്തിലുള്ള കൃഷിഭൂമി കൈവശം വെക്കാൻ അനുവദിക്കുന്നതല്ല.

22. ഭൂപരിധി നിയമത്തിൽ നിന്നോ മററു ഭൂനിയമങ്ങളിൽ നിന്നോ മതസ്ഥാപനങ്ങളേയും മററു ധർമ്മസ്ഥാപനങ്ങളേയും മത-ധർമ്മ ട്രസ്റ്റുകളേയും ഒഴിവാക്കിക്കൂടാ. ഇത്തരം സ്ഥാപനങ്ങളുടെ ഭൂമിയെല്ലാം ഭൂമിയില്ലാത്തവർക്കു് വിതരണം ചെയ്യുന്നതിനായി ഏറെറടുക്കേണ്ടതാണ്. ഈ സ്ഥാപനങ്ങളുടെ നടത്തിപ്പിനായി ഗവൺമെണ്ടിനു് ആവശ്യമായ ഗ്രാൻറു് നൽകാവുന്നതാണ്.

## മുൻഗണന

23. ഭൂമിയില്ലാത്ത കർഷകതൊഴിലാളികൾക്കും ദരിദ്രകൃഷിക്കാർക്കും ഭൂമി വിതരണം ചെയ്യുമ്പോൾ ഹരിജനങ്ങൾക്കും മററു പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും മുൻഗണന നല്കുന്നതാണ് ഭൂമിക്കുവേണ്ടിയുള്ള പ്രക്ഷോഭ സമരം വളർത്തികൊണ്ടു വരുന്നതിനു് ഒരു ചെറിയ ഭാഗം ഭൂമി ഇടത്തരം കൃഷിക്കാർക്കു് നല്കേണ്ടി വന്നേക്കും.

## കൃഷിചെയ്യാത്ത ഉടമകളോടുള്ള നിലപാടു്

24. പരിധിയുടെ പകുതിയിൽ കുറവു് മാത്രം ഭൂമിയുള്ളവരായ ഫാക്ടറികൾ, ചെറിയ കടകൾ, സ്കൂളുകൾ, ഗവർമ്മെണ്ടു് എന്നിവയിൽ ചെറിയ ലാവണങ്ങളിലിരുന്നു് ഉപജീവനം തേടുന്നവരുടേയും സാധാരണപട്ടാളക്കാരുടെയും താഴ്ന്ന കിടയിലുള്ള പട്ടാള ഓഫീസർമാരുടെയും മററു രംഗങ്ങളിൽ ഇതേ നിലവാരത്തിലുള്ള ജോലി ചെയ്യുന്നവരുടെയും സ്വന്തം ഭൂമി അവർ നേരിട്ടു് പണിയുന്നില്ലെങ്കിലും ഗവമ്മെണ്ടു് ഏറെറടുക്കുന്നതല്ല. എന്നാൽ, ഈ ഭൂമി പാട്ടത്തിനുകൊടുത്തിരിക്കയാണെങ്കിൽ അവരുടെ കുടിയാനാക്കു് സുരക്ഷിതമായ കുടിയായ്മ അവകാശം ഉണ്ടായിരിക്കും, അവർ മര്യാദ പാട്ടം നല്കിയാൽ മതിയാകും. അവക്കു് സ്വന്തം ഭൂമി ഗവമ്മെണ്ടിനു് വിൽക്കാനുള്ള അവകാശം ഉണ്ടായിരിക്കും. ഗവമ്മെൻറവക്കു് മാക്കററു് വില നല്കുന്നതാണു്.

ഇത്തരമൊരു ചെറുകിട ഉടമ സ്വയം അദ്ധ്വാനിച്ചു് കൃഷിനടത്താനായി ഭൂമി ആവശ്യപ്പെടുകയാണെങ്കിൽ തിരഞ്ഞെടുക്കപ്പെട്ട കർഷകകമ്മററികൾ കുടിയാനും ചെറുകിട ഉടമയും തമ്മിൽ ഒത്തുതീർപ്പുണ്ടാക്കണം. കുടിയാൻ ചെറുകിട ഉടമ നല്കുന്ന ഭൂമിക്കു മുഴുവൻ ഗവമ്മെണ്ടു മാക്കററു് നിലവാരമനുസരിച്ചു് വില നല്കുന്നതാണു്. കുടിയാനു് ഭൂമി സൗജന്യമായി ലഭിക്കും.

ഇത്തരം ചെറുകിട ഉടമകളുടെ വക ഭൂമി കുടിയാനു് നിയമപ്രകാരം നല്കപ്പെട്ടിട്ടുള്ള കേരളത്തിലും ഛോട്ടാനാഗ്പൂർ പ്രദേശത്തും അതുപോലുള്ള നിയമനിർമ്മാണങ്ങൾ വഴി ഭൂമി നല്കപ്പെട്ടിട്ടുള്ള മററു ചില സംസ്ഥാനങ്ങളിലും അത്തരം ഭൂമിക്കു ഗവമ്മെണ്ടു് മാക്കററു് നിരക്കനുസരിച്ചു് ചെറുകിട ഉടമക്കു് വിലനല്കണമെന്ന പ്രചാരണം നടത്തുന്നതാണു്.

മൊത്തം ഉല്പാദനത്തിൻെറ നാലിലൊന്നിൽ കൂടുതലാകരുതു് കുടിയാൻ ഭൂപ്രഭുവിനു് നൽകേണ്ട മര്യാദപാട്ടം.

25. **പരിധിയുടെ പകുതിയിൽ കൂടുതൽ എന്നാൽ പരിധിയിൽ കുറവു് ഭൂമിയുള്ള ഉടമകൾ:** തങ്ങളുടെ ഭൂമി സ്വയം അദ്ധ്വാനിച്ചല്ലവർ കൃഷി ചെയ്യുന്നതെങ്കിൽ, അവക്കു ഉപജീവനത്തിനുള്ള മറെറാരു മാർഗവുമില്ലെങ്കിൽ, തങ്ങളുടെ മുഴുവൻ ഭൂമിയും കൈവശം വെക്കാൻ അവരെ അനുവദിക്കുന്നതാണു്. ഒരു നിബന്ധന മാത്രം; സ്വന്തം അദ്ധ്വാനവും കുടുംബത്തിൻെറ അദ്ധ്വാനവും ഉപയോഗിച്ചു് ആ ഭൂമി കൃഷി ചെയ്യാൻ അവർ തയ്യാറായിരിക്കണം. അങ്ങനെ ഉപജീവനത്തിനുള്ളതവർ നേടണം. ഭൂമി കുടിയാനു് പാട്ടത്തിനു കൊടുത്തിരിക്കരുതു്.

എന്നാൽ, ഭൂമി കുടിയാന്റെ കൈവശമാണെങ്കിൽ അതിൽ പകുതിയേ തന്റെ ഉപജീവനത്തിനായി സ്വയം കൃഷിചെയ്യാൻ അവക്കു തിരിച്ചു കിട്ടു. ബാക്കി പകുതി കുടിയാനു് സൗജന്യമായി നല്കപ്പെടും. കുടിയാനു നല്കുന്ന ഭൂമിക്കുള്ള നഷ്ടപരിഹാരം ഗവർമ്മെന്റു് ഉടമക്കു നല്കുന്നതാണു്.

ഉടമക്കു് ഭൂമി തിരികെ ആവശ്യമില്ലെങ്കിൽ ഭൂമി മുഴുവൻ കുടിയാന്മാക്കു നൽകപ്പെടും. ഉടമക്കു് ഗവർമ്മെണ്ടിൽ നിന്നു് നഷ്ടപരിഹാരം കിട്ടുന്നതാണു്.

26. ഉടമക്കു് മററു ഉപജീവനമാർഗ്ഗമുണ്ടെന്നും അയാളുടെ ഭൂമി കൂലിക്കാരെ വച്ചാണു് കൃഷി ചെയ്യപ്പെടുന്നതെന്നും ഇരിക്കട്ടെ എങ്കിൽ അയാൾക്കു പരിധിപ്രകാരമുള്ള ഭൂമിയിൽ നിന്നു് ലഭിക്കാവുന്നത്ര വരുമാനം മൊത്തത്തിൽ കിട്ടാൻ വേണ്ട ഭൂമി മാത്രമേ നൽകുകയുള്ളു. ഒരിക്കലും പരിധിയുടെ പകുതിയിൽ കൂടുതൽ ഭൂമി നൽകുന്നതുമല്ല. അതിലധികമുള്ള ഭൂമി ഗവണ്മെണ്ടു് നഷ്ടപരിഹാരം നൽകി ഏറെറടുക്കുന്നതാണു്.

അയാളുടെ ഭൂമി കുടിയാന്മാരുടെ കൈവശമാണെങ്കിൽ ഭൂമി അവക്കു സൗജന്യമായി നൽകപ്പെടും. ഗവണ്മെണ്ടു അയാൾക്കു നഷ്ടപരിഹാരവും നൽകും.

## കർഷകന്റെ ഉൽപ്പന്നത്തിനുള്ള ന്യായവില

27. തന്റെ കൃഷിച്ചെലവു് കഴിഞ്ഞാൽ കൃഷിക്കാരനു മിനിമം ജീവിതനിലവാരം ഉറപ്പുചെയ്യാൻ വേണ്ടി ഒരു ശരാശരി കൃഷിക്കാരന്റെ ഉൽപ്പന്നത്തിനുള്ള ന്യായവില കൊയ്ത്തു സമയത്തു തന്നെ നിശ്ചയിച്ചു് ഉറപ്പുചെയ്യേണ്ടതാണു്. എന്നാൽ ഭൂപ്രഭുക്കളെ സംബന്ധിച്ചിടത്തോളം ഇന്നു തങ്ങളുടെ ഭൂകുത്തകവഴി അവർ നേടുന്ന ഉയർന്ന വിലകൾ നിയന്ത്രിക്കപ്പെടുകയും കുറക്കപ്പെടുകയും വേണം. ബഹുഭൂരിപക്ഷം വരുന്ന ഉപഭോക്താക്കൾക്കുള്ള ആവശ്യസാധനങ്ങളുടെ ചില്ലറ വിലകൾ അവക്കു കൊടുക്കാൻ കഴിയുന്നതാകണം. സ്റ്റേററു് സബ്സിഡി നൽകേണ്ട ആവശ്യമുണ്ടെങ്കിൽ അങ്ങിനെ ചെയ്യണം

## കൂലിക്കും ഭൂമിക്കുമുള്ള സമരം

28. കർഷകത്തൊഴിലാളികൾക്കു് മയ്യാദക്കൂലി നിശ്ചയിക്കാനും കൂലിനിരക്കു മെച്ചപ്പെടുത്താനും പാർട്ടി പ്രക്ഷോഭം നടത്തണം. കൂലിക്കുവേണ്ടിയുള്ള സമരത്തെ ഭൂമിക്കു വേണ്ടിയുള്ള സമരവുമായി ബന്ധിപ്പിക്കണം. ഭൂമി വിതരണം ചെയ്തുകിട്ടുന്നതിനുവേണ്ടി സമരം ചെയ്യാൻ കർഷകത്തൊഴിലാളികളുടെ ബോധം ഉയർത്തുന്നതിനു വേണ്ടിയാണതു്.

29. ട്രാക്ടറും മററു ആധുനികയന്ത്രാവലികളും നാട്ടിൻപുറത്തെ കൂലിപ്പണിക്കാർക്കിടയിൽ തൊഴിലില്ലായ്മ കൂടുതൽ ഗുരുതരമാക്കുകയും കൂലി കുറക്കുകയും ചെയ്യും എന്നതിനാൽ കർഷകത്തൊഴിലാളി പ്രസ്ഥാനം അവ നടപ്പാക്കുന്നതിനെതിരാണ്. ട്രാക്ടറും മററു ആധുനിക കൃഷിയായുധങ്ങളും കാർഷികരംഗത്തു് ഇറക്കുമതി ചെയ്യുന്നതിനെതിരായ ഈ സമരത്തെ ഭൂപ്രഭുത്വം റദ്ദാക്കാനും ഭൂമി ഭൂരഹിതർക്കും ദരിദ്രർക്കും വിതരണം ചെയ്യുന്നതിനുമുള്ള സമരവുമായി ബന്ധിപ്പിക്കണം.

## ചില അടിയന്തിരാവശ്യങ്ങൾക്കു വേണ്ടിയുള്ള സമരം

30. തങ്ങളുടെ പ്രശ്നങ്ങളുടെ മൗലിക പരിഹാരത്തിനു വേണ്ടി സംഘടിക്കാനും സമരം ചെയ്യാനും അധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ ബോധം ഉയർത്താനും പ്രചരണം നടത്താനും വേണ്ടി നിയമസഭാവേദികളും പുറത്തുള്ള വേദികളും ഉപയോഗിക്കേണ്ട കടമ പാർട്ടിക്കുള്ളതു പോലെ തന്നെ സമരം ചെയ്തു് നേടാനായി ചില മൂർത്തമായ അടിയന്തിരാവശ്യങ്ങൾക്കും പാർട്ടി രൂപം കൊടുക്കേണ്ടതുണ്ട്. ബന്ധപ്പെട്ട ജനവിഭാഗങ്ങളുടെ നിലവിലുള്ള ബോധം, സംഘടനാബലം എന്നിവയെയും വിപുലമായ ജനാധിപത്യഐക്യത്തെയും സമരത്തിനുഅണിനിരത്താവുന്നപിന്തുണയേയും അടിസ്ഥാനമാക്കി ഓരോരോ പ്രദേശത്തിനു തക്ക ആവശ്യങ്ങൾക്കു് രൂപം കൊടുക്കണം. നിയമപരമായി ഒരവകാശം ഉണ്ടെങ്കിൽ തന്നെയും അതു നടപ്പാക്കി കിട്ടുന്നതിനു പടിപടിയായി സമരത്തിനിറങ്ങേണ്ടിവരുന്നേക്കും. സമരത്തിനു പ്ളാൻ ചെയ്യുമ്പോൾ അതു ഉടനടി തങ്ങൾക്കു് നേടാൻ കഴിയുമെന്നു ജനങ്ങൾ വിശ്വസിക്കുന്നതു സമരം നടത്താൻ അവർ തയ്യാറായതുമായ ആവശ്യങ്ങൾക്കുവേണ്ടിയായിരിക്കണം. ഇത്തരം അടിയന്തിരാവശ്യങ്ങൾക്കുള്ള സമരം നടക്കുമ്പോൾ തന്നെ നിയമപരവും മൗലികവുമായ അവകാശങ്ങളെക്കുറിച്ചു നിരന്തരവും സ്ഥിരവുമായ പ്രചാരണം സമരം ചെയ്യുന്ന ജനങ്ങളുടെ ബോധമുയർത്താൻ വേണ്ടി നടത്തേണ്ടതാണ്.

സംസ്ഥാന-പ്രാദേശിക സ്ഥലങ്ങളിൽ നമ്മുടെ പരിപാടിക്കു് മൂർത്ത രൂപം നൽകേണ്ടതിൻെറ ആവശ്യകത കേന്ദ്രക്കമ്മററി ഒന്നുകൂടി ഊന്നിപ്പറയുന്നു. നമ്മുടെ പ്രവർത്തനത്തിൻെറ അടിസ്ഥാനം കർഷകത്തൊഴിലാളികളുടേയും ദരിദ്രകൃഷിക്കാരുടെയും ഇടയിലുള്ള പ്രവർത്തനമാക്കി മാററാൻ നമ്മുടെ പാർട്ടിക്കു മുഴുവൻ ലക്ഷ്യബോധം ഉണ്ടാക്കേണ്ടതു് അത്യാവശ്യമായിരിക്കുന്നു. ഈ ബലത്തിൻെറ അടിസ്ഥാനത്തിൽ ഇടത്തരം കൃഷിക്കാരൻെറ താൽപ്പര്യങ്ങൾ സംരക്ഷിക്കാനും ചെറുത്തു രക്ഷിക്കാനും അങ്ങിനെ അയാളെ നമ്മുടെ സഖ്യശക്തിയാക്കാനും ധനിക കൃഷിക്കാരനെ നമ്മുടെ തന്ത്രപരമായ മുന്നണിയിലേക്കു് ആകർഷിക്കാനും പ്രവർത്തിക്കേണ്ടതിൻെറ അടിയന്തിര സ്വഭാവം കേന്ദ്രക്കമ്മററി ഊന്നിപ്പറയുന്നു.

# കേരള കർഷകസംഘം പണിയെടുക്കുന്ന കൃഷിക്കാരുടെ കർഷകസംഘം

തകർന്നുകൊണ്ടിരിക്കുന്ന ഫ്യൂഡൽ വ്യവസ്ഥയുടെയും വളർന്നുകൊണ്ടിരിക്കുന്ന മുതലാളിത്ത വ്യവസ്ഥയുടെയും ചൂഷണങ്ങൾക്കെതിരായി പോരാടുന്ന കർഷകത്തൊഴിലാളിയും പണിയെടുക്കുന്ന കൃഷിക്കാരനും ഒന്നിച്ചു ചേർന്നു് ഫ്യൂഡലിസത്തിന്റെയോ മുതലാളിത്തത്തിന്റെയോ ചൂഷണരീതി അംഗീകരിക്കുന്ന പണിയെടുക്കാത്ത ഭൂവുടമകൾക്കെതിരായി പോരാടണം.

ഭരണകോൺഗ്രസ്സ്, കേരളാ കോൺഗ്രസ് എന്നീ രാഷ്ട്രീയപാർട്ടികളുടെ നയ സമീപനങ്ങൾ വ്യത്യസ്തമാണെങ്കിലും കർഷക പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം ഒരേ സമീപനമാണ് കർഷക ''ഫെഡറേഷ''നും ''കർഷക കോൺഗ്രസ്സി''നും ഉള്ളതു്. അതാകട്ടെ, അഖിലേന്ത്യാ കിസാൻ സഭയുടെയും അതിന്റെ ഭാഗമായ കേരള കർഷകസംഘത്തിന്റെയും സമീപനത്തിൽ നിന്നു് വ്യത്യസ്തമാണ്.

**എന്താണു് വ്യത്യാസം?**

കർഷകത്തൊഴിലാളികളുടെ സംഘടിത പ്രസ്ഥാനവും അതിന്റെ

ആഭിമുഖ്യത്തിൽ നടക്കുന്ന പ്രക്ഷോഭങ്ങളും സമരങ്ങളും എന്നിവയുമാണ് കൃഷിക്കാരെ നശിപ്പിക്കുന്നതെന്നും അതിൽ നിന്ന് കൃഷിക്കാരെ രക്ഷപ്പെടുത്താൻ വേണ്ട നടപടികൾ ഒന്നും ഗവണ്മെണ്ട് എടുക്കുന്നില്ലെന്നുമാണ് കർഷകഫെഡറേഷനും കർഷക കോൺഗ്രസ്സും ആവലാതിപ്പെടുന്നത്. അതുകൊണ്ട് ഈ രണ്ടു സംഘടനകളുടേയും മുഖ്യമായ ആക്രമണകേന്ദ്രം കർഷക തൊഴിലാളി സംഘടനകളും അതിന് പിൻതുണ പ്രഖ്യാപിക്കുന്ന രാഷ്ട്രീയ പാർട്ടികളുമാണ്.

കേരളാ ഗവണ്മെണ്ട് തയ്യാറാക്കി നിയമസഭയിൽ അവതരിപ്പിച്ചിട്ടുള്ള കർഷക തൊഴിലാളി ബിൽ കൃഷിക്കാരെ മുച്ചൂടും നശിപ്പിക്കുന്നതാണെന്ന അടിസ്ഥാനത്തിൽ അതിനെതിരായി സമരകാഹളം മുഴക്കുകയാണ് ഭരണകക്ഷിക്കാരനായ ദേവസ്സിക്കുട്ടിയും പ്രതിപക്ഷത്തുള്ള ജോൺ ജേക്കബും ഒരുപോലെ ചെയ്യുന്നത്. ഇതിന്റെ പേരിൽ ഇടതുപക്ഷ രാഷ്ട്രീയ പാർട്ടികളേയും കോൺഗ്രസ്സിനകത്തെ യൂത്തുവിഭാഗത്തേയും ഒരേ സമയത്തെതിർക്കുന്ന കാര്യത്തിലും അവർ തമ്മിൽ പൂർണ്ണമായ യോജിപ്പാണുള്ളത്.

അഖിലേന്ത്യാ കിസാൻ സഭയും കേരളകർഷക സംഘവുമാകട്ടെ, കർഷകത്തൊഴിലാളി പ്രസ്ഥാനത്തെയല്ല തങ്ങളുടെ ശത്രുവായി കണക്കാക്കുന്നത്. കേരളത്തിലേതടക്കം ഇന്ത്യയുടെ പല ഭാഗങ്ങളിലും ഇന്നും തുടരുന്ന ജന്മിവ്യവസ്ഥയുടെ അവശിഷ്ടങ്ങൾ; പണിയെടുക്കുന്ന കൃഷിക്കാരെ മുച്ചൂടും മുടിക്കുന്ന വൻകിട കച്ചവടക്കാരുടെയും കുത്തകക്കാരുടെയും കൊള്ള ലാഭക്കൊതി; നാതിനനുനിൽക്കുന്നതോടൊപ്പം കൃഷിക്കാരുടെ മേൽ ഭാരിച്ച നികുതി ബാദ്ധ്യതവെച്ചുകെട്ടുന്ന ഗവണ്മെണ്ട് ഉദ്യോഗസ്ഥ മേധാവിത്വത്തിന്റെ ഓരോ നിലവാരത്തിലും നടക്കുന്ന അഴിമതിയും നെറികേടും, ഇതെല്ലാം നിമിത്തം ജീവിക്കാൻ വിഷമമായി വരുമ്പോൾ വാങ്ങേണ്ടിവരുന്ന കടത്തിന്റേയും അതിനുകൊടുക്കേണ്ട പലിശയുടെയും ഭാരം. മുതലായവയാണ് കൃഷിക്കാരെ മുച്ചൂടും മുടിക്കുന്നതെന്നാണ് ഈസംഘടനകൾ അഭിപ്രായപ്പെടുന്നത്. ഇതു നിമിത്തം ഉണ്ടാകുന്ന സാമ്പത്തിക നഷ്ടവുമായി താരതമ്യപ്പെടുത്തുമ്പോൾ കർഷകത്തൊഴിലാളിക്ക് കൊടുക്കേണ്ടി വരുന്ന കൂലിയും മററ് ആനുകൂല്യങ്ങളും എത്രയോ തുച്ഛമായ സംഖ്യയാണ്.

## പുതിയ പരിതഃസ്ഥിതികൾ

വയലിൽ സ്വയമായി ജോലി ചെയ്യാതെ, സ്വന്തം ഭൂമി മുഴുവൻ കുടിയാന്മാരെ ഏൽപ്പിച്ച് അവരിൽ നിന്നു പാട്ടം വാങ്ങി ജീവിക്കുന്ന ജന്മികൾക്കെതിരായി സമരം നടത്തിക്കൊണ്ടാണ് മൂന്നു പതിററാണ്ടിനു മുമ്പു കർഷക സംഘം ജനിച്ചത്. ആ ജന്മികളാകട്ടെ പാട്ടം കൊടുക്കാനു

ള്ള ബാദ്ധ്യതയോടെ കൃഷി നടത്തുന്ന കുടിയാന്മാർക്കെന്നപോലെ കുടിയായ്മ ഭൂമി പോലുമില്ലാതെ അടിച്ചമർക്കപ്പെടുന്ന ഹരിജനങ്ങൾ അടക്കം കർഷകത്തൊഴിലാളികൾക്ക് ന്യായമായി ജീവിക്കാൻ അവസരം കൊടുക്കാത്ത ഒരു ചൂഷണ വ്യവസ്ഥയുടെ തലപ്പത്തിരിക്കുന്നവരായിരുന്നതാനും. അതുകൊണ്ട് അവശവിഭാഗങ്ങളിൽ പെട്ട ഈ കർഷകത്തൊഴിലാളികളും കുടിയാന്മാരും ഒത്തുചേർന്ന് പാട്ടവ്യവസ്ഥക്ക് എതിരായി നീങ്ങാൻ തുടങ്ങി.

ബ്രിട്ടീഷ് ഭരണം അവസാനിച്ച് കോൺഗ്രസ്സ് ഭരണം നിലവിൽ വന്നതിനെ തുടർന്ന് പലമാററങ്ങളും വന്ന കൂട്ടത്തിൽ പഴയരീതിയിലുള്ള പാട്ടവ്യവസ്ഥയും അതിന്നിരയായിരുന്ന കുടിയാന്മാരും ഇല്ലെന്നു വന്നു. വലിയ കുടിയാന്മാരിലും പഴയജന്മികളിലും പെട്ട ഒരു ചെറിയ വിഭാഗം കൂലിവേലയുടെ അടിസ്ഥാനത്തിൽ കർഷകത്തൊഴിലാളികളെക്കൊണ്ടു ജോലി ചെയ്യിച്ച് മുതലാളിത്ത രീതിയിൽ കൃഷിചെയ്യുന്ന ഒരു പുതിയ ഭൂവുടമസ്ഥ വിഭാഗമായി മാറി.

ഈ മാററങ്ങളുടെ ഭാഗമെന്ന നിലക്കും, സംഘടിത ബഹുജനപ്രസ്ഥാനത്തിന്റെ ശക്തിമൂലവും നിസ്സാരമല്ലാത്ത ചില നേട്ടങ്ങൾ സ്വയം ജോലിചെയ്ത് കൃഷിപ്പണി നടത്തുന്ന മുൻ കുടിയാന്മാർക്കും കർഷകത്തൊഴിലാളികൾക്കും കിട്ടിയെന്നതു നേരാണ്. പക്ഷെ പഴയ ജന്മിമാരുടെതെന്നപോലെ അവർക്കു പകരം വന്ന മുതലാളിത്ത ചൂഷണക്കാരായ പുതിയതരം ഭൂവുടമസ്ഥന്മാരുടെ മേധാവിത്വവും പണിയെടുക്കുന്ന കൃഷിക്കാരുടെയും കർഷകത്തൊഴിലാളികളുടെയും തലയിൽ പുതിയ ഭാരങ്ങൾ വെച്ചു കെട്ടി. ഇതു നിമിത്തം ഉണ്ടാകുന്ന പുതിയ സ്ഥിതിവിശേഷം നേരിടുന്നതിനു സംഘടിതമായിട്ടുള്ള പ്രക്ഷോഭണങ്ങളും സമരങ്ങളും നടത്താൻ അവർ നിർബ്ബന്ധിക്കപ്പെട്ടു. അങ്ങനെ ഒരേ ശത്രുവിന്നെതിരായി പോരാടേണ്ടി വരുന്ന ഇവർ തമ്മിൽ വൈരുദ്ധ്യത്തെക്കാൾ ഐക്യമാണുള്ളതെന്ന യാഥാർത്ഥ്യം കാര്യവിവരമുള്ളവർക്കറിയാം.

## ആരാണ് കൃഷിക്കാരൻ ?

ഇവിടെ ഒരു കാര്യം വ്യക്തമാക്കേണ്ടതുണ്ട്. കൃഷിക്കാരെന്ന പദം കൊണ്ട് എന്താണർത്ഥമാക്കേണ്ടതെന്ന കാര്യത്തിൽത്തന്നെ കർഷകഫെഡറേഷൻ, കർഷകകോൺഗ്രസ്സ് ,എന്നിവയും അഖിലേന്ത്യാ കിസാൻ സഭയും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ട്. ഉടമാവകാശത്തോടുകൂടിയോ കുടിയായ്മാവകാശത്തെ മാത്രം ആസ്പദമാക്കിയോ കൈവശമുള്ള ഭൂമിയിൽ സ്വയം ജോലി ചെയ്ത് കൃഷിപ്പണി നടത്തുന്നവരെ മാത്രമാണ് കൃഷിക്കാരായി കണക്കാക്കേണ്ടതെന്നു കിസാൻ സഭ കരുതുന്നു. കർഷകഫെഡറേഷനും കർഷകകോൺഗ്രസ്സുമാകട്ടെ, സ്വയം അദ്ധ്വാനിക്കാതെ കർഷത്തൊഴിലാളിക

ളെക്കൊണ്ടു് ജോലിചെയ്യിച്ചു് കൃഷിനടത്തുന്നവരേയും കൃഷിക്കാരായി കണക്കാക്കുന്നു. ഇതിലാദ്യത്തെ കൂട്ടർക്കു മാത്രം അവകാശങ്ങൾ കിട്ടണമെന്നാണു് കിസാൻ സഭയും കർഷകസംഘവും ആവശ്യപ്പെടുന്നതു്. രണ്ടാമത്തെ കൂട്ടരേയും "കൃഷിക്കാരായി കണക്കാക്കി അവർക്കാവശ്യമായ സഹായങ്ങളും ആനുകൂല്യങ്ങളും നൽകണമെന്നു് കർഷകഫെഡറേഷനും കർഷകകോൺഗ്രസ്സും ആവശ്യപ്പെടുന്നു.

"കൃഷിക്കാർ" എന്ന പദത്തിൽ താഴെ കൊടുക്കുന്ന വിഭാഗങ്ങൾ മുഴുവൻ ഉൾപ്പെടുമെന്നാണു് ബൂർഷ്വാ പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നതു്.

1. വയലിലിറങ്ങി സ്വയം ജോലി ചെയ്യാതെ വരമ്പത്തു നിന്നുകൊണ്ടോ, വരമ്പത്തു പോലും വരാതെയോ കർഷകത്തൊഴിലാളികളുടെജോലിമേൽ നോട്ടം ചെയ്യുക മാത്രം നടത്തുന്ന ഭൂവുടമകൾ.

2. ധാരാളം കർഷകത്തൊഴിലാളികളെ വെച്ചു് ജോലി ചെയ്യിക്കുന്നതോടൊപ്പം, സ്വയം വയലിലിറങ്ങി ദേഹാദ്ധ്വാനം നടത്തുക കൂടി ചെയ്യുന്ന ധനിക കൃഷിക്കാർ.

3. കർഷക തൊഴിലാളികളെ തീരെ വെക്കാതിരിക്കുകയോ വളരെക്കുറച്ചു പേരെ മാത്രം വെക്കുകയോ ചെയ്തുകൊണ്ടും സ്വന്തം ദേഹാദ്ധ്വാനത്തെ മുഖ്യമായി ആശ്രയിച്ചും കൃഷിപ്പണി നടത്തുന്ന ഇടത്തരം കൃഷിക്കാർ.

4. സ്വയം ദേഹാദ്ധ്വാനം ചെയ്തു് കൃഷിപ്പണി നടത്തുന്നതോടൊപ്പം കൃഷിപ്പണി ഇല്ലാത്തകാലത്തു് മററുള്ളവരുടെ കീഴിൽ കൂലിപ്പണിക്കുപോകുകയോ അല്ലെങ്കിൽ അതിനു വേണ്ടത്ര ചുരുങ്ങിയ വരുമാനം മാത്രമുണ്ടാവുകയോ ചെയ്യുന്ന ദരിദ്രകൃഷിക്കാർ

ഇവരെയെല്ലാം ഒരേ പോലെ "കൃഷിക്കാ"രായി കണക്കാക്കുകയും കർഷകത്തൊഴിലാളികൾക്കെതിരായി ഒന്നിച്ചണിനിരത്തുകയും ചെയ്യാനാണു് കർഷക ഫെഡറേഷനും കർഷക കോൺഗ്രസ്സു ശ്രമിക്കുന്നതു.

## ശത്രുവാരു്, ബന്ധുവാരു്?

ഒന്നാം വിഭാഗത്തിൽപ്പെട്ടവരൊഴിച്ചു് മററെല്ലാ കൃഷിക്കാരെയും സംബന്ധിച്ചു് തികച്ചും ആത്മഹത്യാപരമായ ഒരു നയസമീപനമാണിതു്. എന്തു കൊണ്ടെന്നാൽ, ശത്രുക്കളെ ബന്ധുക്കളും ബന്ധുക്കളെ ശത്രുക്കളുമായി കാണുന്ന ഒരു സമീപനമാണു് 2, 3, 4 വിഭാഗങ്ങളെ സംബന്ധിച്ചുള്ള സമീപനം

3, 4 വിഭാഗങ്ങളിൽ പെട്ടവർക്ക് തങ്ങറം കൊടുക്കേണ്ട കൂലി കാര്യമായ ഒരു പ്രശ്നമേയല്ല. 2-ാം വിഭാഗത്തിൽപ്പെട്ട ധനികകൃഷിക്കാർക്ക മാത്രമാണ് അതൊരു മുഖ്യപ്രശ്നമായി വരുന്നതു് പക്ഷെ, അവർക്ക പോലും കർഷകത്തൊഴിലാളിക്ക കൊടുക്കേണ്ട കൂലി, മററാനുകൂല്യങ്ങറം എന്നിവയെക്കാറം പ്രാധാന്യം വഹിക്കുന്ന വിഷമപ്രശ്നങ്ങറംക്ക് പരിഹാരം കാണാനുണ്ട്

ഇതിലൊന്നാണ് കേരളത്തിലടക്കം ഇന്ത്യയിൽ പലേടത്തും ബാക്കി നില്ക്കുന്ന പഴയ പാട്ട വ്യവസ്ഥയുടെ അവശിഷ്ടങ്ങറം. കേരള ഭൂപരിഷ്കരണ നിയമമനുസരിച്ച് കുടിയാൻെറ മേൽ ബാധ്യതയായി നില്ക്കുന്ന പാട്ട ബാക്കി, പ്രതിഫലത്തിൻെറ ഗഡുവ് എന്നിവ ധനികകൃഷിക്കാരെപ്പോലും ഒരതിരുവരെ ബാധിക്കുന്നുണ്ട്. അതു കൃത്യമായടച്ച് അവകാശം ഉറപ്പിക്കുക വളരെ എളുപ്പമല്ല. ഇടത്തരത്തിലും ദരിദ്രരുടെ ഇനത്തിലും പെട്ട കുടിയാന്മാരാകട്ടെ, അതുകൊണ്ട് പൊളിയുകയും ചെയ്യും. കർഷക ഫെഡറേഷനും കർഷക കോൺഗ്രസ്സുമാകട്ടെ, ഇതൊരു പ്രശ്നമായി കണാക്കാക്കിയിട്ടേയില്ല.

കൃഷിപ്പണി നടത്താനാവശ്യമായ പണിയായുധങ്ങറം, കന്നുകാലികറം, വിത്തു്, വളം, ജലസേചന സൗകര്യം, വിദ്യുച്ഛക്തി മുതലായവക്ക കൊടുക്കേണ്ടിവരുന്ന വിലയും കുടുംബച്ചെലവും അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിവിശേഷം ധനിക വിഭാഗത്തിൽ പെട്ടവരടക്കം പണിയെടുക്കുന്ന കൃഷിക്കാരെ മുഴുവൻ അങ്ങേയററം അലട്ടിക്കൊണ്ടിരിക്കുകയാണ്. മറുവശത്തു് അവർ അദ്ധ്വാനിച്ചുണ്ടാക്കുന്ന ഉല്പന്നങ്ങറംക്ക് ന്യായമായ വില കിട്ടാത്തതുകൊണ്ടുള്ള വിഷമവും അവരെ മുടിക്കുന്നു, ഇതാണ് കർഷകതൊഴിലാളിക്ക കൊടുക്കേണ്ട കൂലിയും മററാനുകൂല്യങ്ങളുമല്ല, ധനികകൃഷിക്കാരെപ്പോലും മുടിക്കുന്നതു്. ഈ വാസ്തവം മറച്ചുവെച്ച് പണിയെടുക്കുന്ന കൃഷിക്കാരെ കർഷകത്തൊഴിലാളികറംക്കെതിരായി അണിനിരത്താൻ നോക്കുന്നവർ ചെയ്യുന്നതു് കടുത്ത കർഷക ദ്രോഹമാണെന്നു പറയാതിരിക്കാൻ വയ്യ.

## 'കർഷക'രുടെ പേരിൽ പ്രക്ഷോഭം? നടത്തുന്നവർ ചെയ്യുന്നതെന്തു്

പണിയെടുക്കുന്ന കൃഷിക്കാരെ മുഴുവൻ അങ്ങേയററം ദ്രോഹിക്കുന്ന മറെറാന്നു കൂടിയുണ്ട്, അതാണ് ഗവണ്മെണ്ടിൻെറ നികുതി നയം. ഇവിടെയും വയലിലിറങ്ങി സ്വയം അദ്ധ്വാനിക്കാത്ത ഭൂവുടമസ്ഥരേയും പണിയെടുക്കുന്ന കൃഷിക്കാരേയും ഒരേ തട്ടിലിട്ട് ഭൂവുടമസ്ഥരെ രക്ഷിക്കാനാണ് കർഷകഫെഡറേഷനേയും കർഷക കോൺഗ്രസ്സിനേയും പോലുള്ള സംഘടനകറം ശ്രമിക്കുന്നതു്. സ്വയം ജോലി ചെയ്യാത്ത ഭൂവുടമസ്ഥന്മാരുടെ മേൽ

നികുതി ഭാരം വെച്ചുകെട്ടുന്നതിനെ ഒരു യഥാർത്ഥ ജനാധിപത്യവാദിക്കും എതിർക്കാൻ കഴിയുകയില്ല. പക്ഷെ ഭൂവുടമകളുടെ മേൽ നികുതി ചുമത്തുക എന്ന പേരിൽ പണിയെടുക്കുന്ന കൃഷിക്കാരുടെ മേൽ താങ്ങാനാവാത്ത ഭാരം വെച്ചുകെട്ടുകയാണ് കേന്ദ്രസംസ്ഥാന ഗവണ്മെണ്ടുകൾ ചെയ്യുന്നത്. ഈ വസ്തുത മനസ്സിലാക്കി പണിയെടുക്കുന്ന കൃഷിക്കാരെ ബാധിക്കുന്ന നികുതികൾക്കെതിരായി ഉറച്ചു നിന്നു പോരാടാനാണ് അഖിലേന്ത്യാ കിസാൻ സഭയും കേരള കർഷക സംഘവും ശ്രമിക്കുന്നത്.

നികുതിയുടെ കാര്യത്തിലെന്നപോലെ തന്നെ നെല്ലെടുപ്പ്, സംഭരണവില എന്നിവയുടെ കാര്യത്തിലും സ്വയം അദ്ധ്വാനിക്കാത്ത ഭൂവുടമകളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടി "കൃഷിക്കാ"രുടെ പേരിൽ പ്രക്ഷോഭം നടത്താനാണ് കർഷകഫെഡറേഷനും കർഷകകോൺഗ്രസ്സും ശ്രമിക്കുന്നത്. കൊയ്ത്തു കാലത്തു തന്നെ ഏററവും ചുരുങ്ങിയ വിലക്ക് നെല്ലു വിൽക്കാൻ നിർബന്ധിക്കപ്പെടുന്ന ദരിദ്രകൃഷിക്കാരന്റെയും ഇടത്തരം കൃഷിക്കാരന്റേയും പേർ പറഞ്ഞു വമ്പിച്ച സാമ്പത്തികക്കഴിവുകളുള്ള ഭൂവുടമകൾക്ക് കൂടുതൽ ലാഭമുണ്ടാക്കിക്കൊടുക്കുന്ന നിർദ്ദേശങ്ങൾക്കുവേണ്ടിയാണ് "ഞാൻ മുമ്പേ; ഞാൻ മുമ്പേ" എന്ന തോതിൽ കർഷകഫെഡറേഷനും കർഷകകോൺഗ്രസ്സും വാദിക്കുന്നത്. പണിയെടുക്കുന്ന കൃഷിക്കാരെ സംരക്ഷിക്കണമെന്ന ആഗ്രഹം മാത്രമുള്ളവരാകട്ടെ, അദ്ധ്വാനിക്കാത്ത ഭൂവുടമകളുടെ മിച്ച സ്റ്റോക്കു മുഴുവൻ ചുരുങ്ങിയ വിലക്കെടുക്കുകയും പണിയെടുക്കുന്ന കൃഷിക്കാർക്ക് നിശ്ചിതവിലക്കു പുറമെ ഒരു ബോണസ് കൊടുക്കുകയും ചെയ്യാനാണ് തയ്യാറാവുക.

കാർഷിക കടത്തിന് പരിഹാരം നേടുക. കാർഷികോൽപ്പാദനത്തിനാവശ്യമുള്ള സാധനങ്ങൾ ചുരുങ്ങിയ വിലക്ക് കിട്ടാറാക്കുക കാർഷികോൽപ്പന്നങ്ങൾക്ക് ന്യായമായ വില നേടിയെടുക്കുക ജലസേചനസൗകര്യവും വിദ്യുച്ഛക്തി ലഭ്യതയും കൂടുതൽ വികസിപ്പിക്കുക മുതലായ കാര്യങ്ങൾക്കെല്ലാം ഈ സമീപനം ബാധകമാണ്. ഈ എല്ലാ സൗകര്യങ്ങളും മുകളിൽ കൊടുത്ത 2, 3, 4 വിഭാഗങ്ങളിൽ പെട്ട പണിയെടുക്കുന്ന കൃഷിക്കാർക്കു മാത്രം കിട്ടാറാക്കുകയും പണിയെടുക്കാത്ത ഭൂവുടമകൾക്ക് അതു നിഷേധിക്കുകയും ചെയ്തു കാണാനാണ് യഥാർത്ഥ കർഷക ബന്ധുക്കൾ ആഗ്രഹിക്കുന്നത്.

## ഇവരാണ് ശത്രുക്കൾ

ഇവിടെ സൂചിപ്പിച്ച വിവിധ പ്രശ്നങ്ങളിൽ ആദ്യത്തേതു് (പാട്ടവ്യവസ്ഥയുടെ അവശിഷ്ടം) തകർന്നുകൊണ്ടിരിക്കുന്ന ഫ്യൂഡൽ വ്യവസ്ഥയുടെയും, മററുള്ളവ വളർന്നു കൊണ്ടിരിക്കുന്ന മുതലാളിത്ത വ്യവസ്ഥയുടെയും ഫലമായി കൃഷിക്കാർക്ക് ഇന്നനുഭവിക്കേണ്ടി വരുന്ന ദുരിതങ്ങളുടെ ഫലമാ

ണ്. അവക്ക് പരിഹാരം കാണണമെങ്കിലാകട്ടെ ഫ്യൂഡലിസത്തിന്റെ അവശിഷ്ടങ്ങൾക്ക് എന്ന പോലെ വളർന്നുകൊണ്ടിരിക്കുന്ന മുതലാളിത്ത ചൂഷണത്തിനും എതിരായി പോരാടാൻ പണിയെടുക്കുന്ന കൃഷിക്കാർ തയ്യാറാവണം. രണ്ടുമൂന്നു പതിറ്റാണ്ടു കാലമായി വളർന്നു ശക്തിപ്പെട്ടു കൊണ്ടിരിക്കുന്ന സംഘടിത കർഷകപ്രസ്ഥാനത്തിനു ഇന്നു ചെയ്തുതീർക്കാനുള്ള മുഖ്യകടമയാണിത്.

ഇതിൽ പണിയെടുക്കുന്ന കൃഷിക്കാരുടെ ബന്ധു കർഷകത്തൊഴിലാളിയാണ്. പണിയെടുക്കാത്ത ഭൂവുടമസ്ഥനല്ല. ഒരു വശത്ത് ന്യായമായ കൂലി കൊടുക്കാതെയും മററാനുകൂല്യങ്ങൾ നിഷേധിച്ചും കർഷകത്തൊഴിലാളിയെ ചൂഷണം ചെയ്യുന്ന മുതലാളിത്ത വ്യവസ്ഥയും അതിന്റെ സംരക്ഷകരായ ഭരണാധികാരികളും മറുവശത്ത്, വില നിർണ്ണയം, നികുതി,, കടഭാരം മുതലായവയുടെ കാര്യത്തിൽ പണിയെടുക്കുന്ന കൃഷിക്കാരേയും ചൂഷണം ചെയ്യുന്നു. അതുകൊണ്ട് തകർന്നുകൊണ്ടിരിക്കുന്ന ഫ്യൂഡൽവ്യവസ്ഥയുടേയും വളർന്നുകൊണ്ടിരിക്കുന്ന മുതലാളിത്ത വ്യവസ്ഥയുടെയും ചൂഷണങ്ങൾക്കെതിരായി പോരാടുന്ന കർഷകത്തൊഴിലാളിയും, പണിയെടുക്കുന്ന കൃഷിക്കാരനും ഒന്നിച്ചുചേർന്ന്, ഫ്യൂഡലിസത്തിന്റേയോ മുതലാളിത്തത്തിന്റേയോ ചൂഷണരീതി അംഗീകരിക്കുന്ന പണിയെടുക്കാത്ത ഭൂവുടമകൾക്കെതിരായി പോരാടണം.

ഇതവസാനിക്കുന്നതിനു മുമ്പ് ഒരു കാര്യം കൂടി വ്യക്തമാക്കട്ടെ. "പണിയെടുക്കാത്ത ഭൂവുടമകൾ'' എന്ന് ഇവിടെ പറയുന്നതു് പരിധിയിൽ കൂടുതൽ ഭൂമിയുള്ളവരെ മാത്രം ഉദ്ദേശിച്ചാണ്. അതിൽ കുറച്ചു ഭൂമിയുള്ളവർ അതു കൃഷിചെയ്തു ജീവിക്കാൻ കഴിയാത്തതുകൊണ്ട് ജോലിയന്വേഷിച്ച് നാടുവിടുകയും തന്നിമിത്തം സ്വയം കൃഷിപ്പണി നടത്താതിരിക്കുകയും ചെയ്യുന്നുണ്ടാവും. അവർ ഭൂമിയിൽ സ്വയം അദ്ധ്വാനിക്കാത്തവരാണെങ്കിലും പണിയെടുക്കുന്ന കൃഷിക്കാരുടെയും കർഷകത്തൊഴിലാളികളുടെയും വർഗ്ഗ ശത്രുക്കളല്ല. സ്വയം അദ്ധ്വാനിച്ചു കൃഷി ചെയ്തു ജീവിക്കാൻ സന്നദ്ധതയും അതിന്റെ ആവശ്യവുമുണ്ടാകുന്ന പക്ഷം ഈ വിഭാഗത്തിൽപ്പെട്ടവർക്ക് അതിനാവശ്യമായ ചില വിട്ടുവീഴ്ചകൾ ചെയ്തുകൊടുക്കേണ്ടതാണ്. ഈ സമീപനം ഇത്തരക്കാരുടെ നേരെ എടുക്കുന്നതു് കർഷകത്തൊഴിലാളികളുടെയും പണിയെടുക്കുന്ന കൃഷിക്കാരുടെയും പ്രസ്ഥാനത്തെ വളർത്തി ശക്തിപ്പെടുത്താനേ സഹായിക്കു.

# കർഷകത്തൊഴിലാളി പ്രസ്ഥാനം— സമരൈക്യത്തിലൂടെ കരുത്താർജ്ജിക്കുക!

കേരളത്തിലെ മൊത്തം ജനസംഖ്യയുടെ 30.68 ശതമാനവും കർഷകത്തൊഴിലാളികളാണ്; 17.95 ശതമാനം കൃഷിക്കാരുമാണ്. കാർഷികേതര തൊഴിലുകളിൽ ഏർപ്പെട്ടവരാണ് 51.37 ശതമാനവും. അതായത് പകുതിയിൽ അധികവും. അതിനാൽ കർഷകത്തൊഴിലാളിപ്രസ്ഥാനത്തിന് മററു പ്രസ്ഥാനങ്ങളിൽ നിന്ന് ഒററപ്പെട്ടു നില്ക്കാനാവില്ല. കാർഷികമേഖലകളിൽ കൂലിവേലയെടുത്തു ജീവിക്കുന്ന മററു തൊഴിലാളി വിഭാഗങ്ങൾ, ഭൂമിയിൽ ഉടമാവകാശമുള്ളവരിൽ ഭൂരിപക്ഷം വരുന്ന ചെറുകിടക്കാർ മുതലായവർ കൂടി ഉൾക്കൊള്ളുന്ന നാട്ടിൻപുറങ്ങളിലെ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ ഒരു ഭാഗമാണവർ.

ഒരു സംഘടിത കർഷകത്തൊഴിലാളി പ്രസ്ഥാനമെന്ന നിലക്കല്ലെങ്കിലും തങ്ങളുടെ ചില ആവശ്യങ്ങൾക്ക വേണ്ടി കർഷകത്തൊഴിലാളികൾ സംഘടിതമായി പോരാടാൻ തുടങ്ങിയിട്ട് കാലം കുറച്ചായി. ഏതാണ്ട് നാല് ദശാബ്ദങ്ങൾക്ക മുമ്പ് മലബാർ പ്രദേശത്തു രൂപം കൊണ്ട സംഘടിത കർഷക പ്രസ്ഥാനത്തിന്റെ അണികളിൽ കർഷകത്തൊഴിലാ

ളികളും ഉണ്ടായിരുന്നു.

## സംഘടിത കർഷകപ്രസ്ഥാനം

കൂലി, ജോലി സമയം മുതലായി കർഷകത്തൊഴിലാളികളെ മാത്രം ബാധിക്കുന്ന പ്രശ്നങ്ങൾക്ക പരിഹാരം കാണാൻ സംഘടിത കർഷക പ്രസ്ഥാനം സഹായകമായിരുന്നില്ല. അതിൽ പങ്കാളികളായ ഒരുവിഭാഗം (ധനിക) കൃഷിക്കാരാകട്ടെ കർഷകത്തൊഴിലാളികളെക്കൊണ്ട് പണിയെടുപ്പിക്കുന്നവരും അതുകൊണ്ട് സ്വാഭാവികമായും ഈ ആവശ്യങ്ങൾക്കെതിരുമായിരുന്നു.

പക്ഷെ, അവർ കൂടി ഉൾക്കൊള്ളുന്ന സംഘടിത കർഷക പ്രസ്ഥാനം ഉന്നയിച്ച ജന്മിവിരുദ്ധ മുദ്രാവാക്യങ്ങൾ കർഷകത്തൊഴിലാളികളേയും ആകർഷിച്ചിരുന്നു. ജന്മിയുടെ ഇഷ്ടം പോലെ കുടിയാന്മാരെ ഒഴിപ്പിക്കുക, പാട്ടം വർദ്ധിപ്പിക്കുക, അക്രമപ്പിരിവുകൾ നടത്തുക മുതലായവയും അവയുടെ പേരിൽ നടന്നിരുന്ന സാമൂഹ്യമർദ്ദനങ്ങളും കൃഷിക്കാരെയെന്നപോലെ കർഷകത്തൊഴിലാളികളേയും അലട്ടിയിരുന്നു. "ജന്മിസമ്പ്രദായം അവസാനിപ്പിച്ച് ഭൂമി കൃഷിക്കാർക്ക് കൊടുക്കുക" എന്ന പൊതു ലക്ഷ്യം കൃഷിക്കാർക്കെന്ന പോലെ കർഷകത്തൊഴിലാളികൾക്കും താൽപ്പര്യമുള്ള ഒന്നായിരുന്നുവെന്നർത്ഥം.

സ്വന്തം കൃഷിഭൂമി ഇല്ലാത്തവരാണെങ്കിലും കർഷകത്തൊഴിലാളികൾക്കും ജന്മികളായി ഇടപെടേണ്ടിയിരുന്നു. തങ്ങൾ താമസിക്കുന്ന കൊച്ചുകൂരകളിൽ നിന്ന് ഏതവസരത്തിലും ഒഴിപ്പിക്കപ്പെടുകയെന്ന ആപത്ത്, കൃഷിഭൂമിയിൽ നിന്ന് ഒഴിപ്പിക്കപ്പെടുകയെന്ന ആപത്ത് നേരിടുന്ന കൃഷിക്കാരെപ്പോലെ, കർഷകത്തൊഴിലാളികളേയും ബാധിച്ചിരുന്നു. അതുകൊണ്ട് കൃഷിഭൂമികളിൽ കുടിയാന്മാർക്കും കുടിയിരിപ്പിൽ, അല്ലെങ്കിൽ കുടികിടപ്പിൽ അതുമാത്രം സ്വന്തമായുള്ളവർക്കും അവരുടെതായി കിട്ടണമെന്ന ആവശ്യം കൃഷിക്കാരേയും കർഷകത്തൊഴിലാളികളേയും യോജിപ്പിക്കുന്ന ഒന്നായി വളർന്നുവന്നത്.

## തെക്കൻ കേരളത്തിൻെറ പ്രത്യേകത

ജന്മിസമ്പ്രദായം, അല്ലെങ്കിൽ പാട്ടവ്യവസ്ഥ നിലനിന്നിരുന്ന മലബാർപ്രദേശത്തും ചെറിയ ഒരതിരു വരെ കൊച്ചി പ്രദേശത്തുമാണ് കുടിയിരിപ്പ് അല്ലെങ്കിൽ കുടികിടപ്പു മാത്രമുള്ള കർഷകത്തൊഴിലാളികളും പാട്ടഭൂമിയുള്ള കുടിയാന്മാരും ചേർന്ന സംഘടിത കർഷകപ്രസ്ഥാനം വളർന്നു ശക്തിപ്പെട്ടതു്. തിരുവിതാംകൂർ പ്രദേശത്തും കൊച്ചി പ്രദേശത്തിന്റെ ചില ഭാഗങ്ങളിലും ഇത്തരത്തിലുള്ള ജന്മിസമ്പ്രദായം നിലവിൽ ഇല്ലാതായിട്ട് ദശാബ്ദങ്ങൾ കഴിഞ്ഞിരിക്കുന്നു. നാടുവാഴി മാടമ്പി മേധാവികൾ

ക്കെതിരായി തിരുവിതാംകൂർ രാജകുടുംബം എടുത്ത നടപടികളുടെ ഫലമായി തിരുവിതാംകൂർ പ്രദേശത്തെ ഭൂമിയിൽ നല്ലൊരു ഭാഗം "പണ്ടാരവക" യായിട്ട് കാലം കുറേ കഴിഞ്ഞു.

മററു സംസ്ഥാനങ്ങളിലെ റയത്‌വാരി വ്യവസ്ഥയുടെ ഒരു രൂപം മാത്രമാണിത്. ഇതിൻകീഴിൽ ജന്മിക്ക് പാട്ടം കൊടുക്കാൻ ബാധ്യതയില്ലാതെ, ഗവൺമെണ്ടുമായി നേരിട്ടിടപെടേണ്ട ചെറുകിടക്കാരും ഇടത്തരക്കാരുമായ ഭൂവുടമകളാണ് ഭൂമി കൈവശം വെക്കുന്നത്. അവരിൽ ഭൂരിപക്ഷം ഒന്നുകിൽ സ്വയം പണിയെടുക്കുക, അല്ലെങ്കിൽ കർഷകത്തൊഴിലാളികളെക്കൊണ്ട് പണിയെടുപ്പിക്കുക-ഇതാണ് ചെയ്തിരുന്നത്. ഈ വിഭാഗത്തെ ആകർഷിക്കത്തക്ക മുദ്രാവാക്യങ്ങളോ പരിപാടിയോ സംഘടിതകർഷകപ്രസ്ഥാനത്തിനു ഇല്ലായിരുന്നു. (അഖിലേന്ത്യാ കിസാൻ സഭയുടെ പ്രധാനപ്രവർത്തക കേന്ദ്രങ്ങളും സെമിന്താരി മുതലായ ഭൂവുടമ-വ്യവസ്ഥകളുള്ള സംസ്ഥാനങ്ങളിലായിരുന്നു, റയത്‌വാരി പ്രദേശങ്ങളിൽ താരതമ്യേന ദുർബലമായിരുന്ന പ്രസ്ഥാനമാണ് കിസാൻ സഭ)

## യൂണിയൻെറ ആദ്യരൂപം

അതേ അവസരത്തിൽ, ഈ ചെറുകിട ഭൂവുടമകളുടെയോ അല്ലെങ്കിൽ കൂടുതൽ വലിയ ഭൂവുടമകളുടെ തന്നെയോ കീഴിൽ പണിയെടുക്കുന്ന കർഷകത്തൊഴിലാളികളെ സംഘടിപ്പിക്കാനുള്ള യാതൊരു പരിപാടിയും മലബാർ പ്രദേശത്ത് കർഷക സംഘം രൂപീകരിക്കുന്നതിന് മുൻകയ്യെടുത്ത കമ്മ്യൂണിസ്റ്റ് പാർട്ടിക്കില്ലായിരുന്നു. മുതലാളിത്ത രീതിയിൽ കർഷകത്തൊഴിലാളികളെക്കൊണ്ട് കൃഷിപ്പണി നടത്തിക്കുന്ന കുട്ടനാടൻ പ്രദേശത്ത് മാത്രമാണ്, ആലപ്പുഴ കയർത്തൊഴിലാളികളുടെയും മററു വ്യവസായത്തൊഴിലാളികളുടെയും സംഘടനയുടെ മാതൃകയിൽ, ഒരു സംഘടിത കർഷകത്തൊഴിലാളി യൂണിയൻ രൂപം കൊണ്ടത്. തിരുവിതാംകൂറിലെ മററുപ്രദേശങ്ങളിലേക്ക് പോലും അതു വ്യാപിച്ചില്ലേ.

ഈ സാഹചര്യത്തിലാണ്, കർഷകത്തൊഴിലാളികളിൽ ഒരു വിഭാഗത്തെയെങ്കിലും ഉൾക്കൊള്ളിക്കുന്ന മറെറാരു സംഘടനാരൂപം തിരുവിതാംകൂർ പ്രദേശത്ത് ഉയർന്നുവന്നതു്. പുലയർ മുതലായ കർഷകത്തൊഴിലാളികളായി മാത്രം പരമ്പരയായി ജീവിക്കുന്ന ചില സമുദായങ്ങളെ, അവരുടെ സാമൂഹ്യാവശതകൾ പരിഹരിച്ചു കിട്ടുന്നതിനുവേണ്ടി സംഘടിപ്പിച്ചുണ്ടാക്കുന്ന സമുദായ സംഘടനകളാണിത്. കൂലി, ജോലിസമയം മുതലായി കർഷകത്തൊഴിലാളികൾക്ക്, കർഷകത്തൊഴിലാളികളെന്ന നിലക്ക് പരിഹരിച്ചു കിട്ടേണ്ട പ്രശ്നങ്ങൾ ഈ സംഘടനകളുടെ പ്രവർത്തന പരിധിയിൽ പെട്ടിരുന്നില്ല. പോരെങ്കിൽ മററു സമുദായങ്ങളിൽ പെട്ടവരും കർഷകത്തൊഴിലാളികളായി ജോലിയെടുത്തു ജീവിക്കുന്നവരുമായ വിഭാഗങ്ങ

ാം ഈ സംഘടനകളുടെ പരിധിയിൽ പെട്ടിരുന്നതുമില്ല.

എങ്കിലും കർഷകത്തൊഴിലാളികളിൽ ഗണ്യമായ ഒരു വിഭാഗത്തെ, (അധഃകൃതസമുദായങ്ങളെന്നോ ഹരിജനങ്ങളെന്നോ വിളിക്കപ്പെട്ടുന്നവരെ) നേരിടുന്ന ചില മുഖ്യപ്രശ്നങ്ങാം കൈകാര്യം ചെയ്യുന്ന സംഘടനകളെന്ന നിലക്ക് ആ വിഭാഗത്തിൽപ്പെട്ട കർഷകത്തൊഴിലാളികളിലെങ്കിലും അവകാശബോധവും സംഘടനയും വളർത്താൻ ഇതുപകരിച്ചു.

## എന്തായിരുന്നു ദൗർബല്യം?

ഇതിനൊരു മറുപുറമുണ്ട്. കർഷകത്തൊഴിലാളികാം എന്ന നിലക്കല്ല, അധഃകൃതസമുദായങ്ങളിൽപെട്ടവർ എന്ന നിലക്കാണ് കർഷകത്തൊഴിലാളികളിൽ ഗണ്യമായ ഒരു വിഭാഗം സംഘടിപ്പിക്കപ്പെട്ടുന്നതെന്നതിനാൽ എല്ലാ സമുദായങ്ങളിലും കർഷകത്തൊഴിലാളികാംക്ക് ഒരു പൊതു സംഘടനയുണ്ടായില്ലമാത്രമല്ല; കർഷകത്തൊഴിലാളികളും അവരെക്കൊണ്ട് പണിയെടുപ്പിക്കുന്ന ഭൂവുടമകളും തമ്മിലുള്ള വർഗ്ഗബന്ധത്തിൻേറതിന്നു പകരം അധഃകൃതസമുദായങ്ങളും ഉയന്ന ജാതിക്കാരും തമ്മിലുള്ള സാമൂഹ്യബന്ധത്തിൻെറ ബോധമാണ് ജനങ്ങളിലാകെ പരന്നതു്.

അതുകൊണ്ടും. തിരുവിതാംകൂർ പ്രദേശത്തെ ഭൂവുടകളിൽ നല്ലൊരു വിഭാഗം ചെറുകിടക്കാർ ആയിരുന്നതിനാലും കുടികിടപ്പുകാരുടെയും കർഷകത്തൊഴിലാളികളുടെയും സംഘടിതപ്രസ്ഥാനം ഈ പ്രദേശത്തു് വളരാൻ തുടങ്ങിയപ്പോാം അതിൻെറ കൂടെ നിൽക്കേണ്ട ചില ജനവിഭാഗങ്ങാം എതിർ ചേരിയിൽ അണിനിരക്കുകയുണ്ടായി. കുടികിടപ്പുകാരുടെ അവകാശങ്ങാം കൂടി ഉാംക്കൊള്ളുന്ന കേരള കാർഷികബന്ധ ബിൽ 1957ലും, കേരള ഭൂപരിഷ്ക്കരണ ബിൽ 1967ലും അവതരിപ്പിക്കപ്പെട്ടപ്പോാം തിരുവിതാംകൂർ പ്രദേശത്തു് ചെറുകിട ഭൂവുടമകളിൽ നല്ലൊരു വിഭാഗം ബില്ലിനെ എതിർക്കുകയുണ്ടായി. ഭൂപരിഷ്ക്കരണ ബിൽ നിയമമായി നടപ്പിലായതിനെ തുടർന്നു് സംഘടിപ്പിക്കപ്പെട്ട കുടികിടപ്പു സമരത്തെയും ഇതു് ഒരു അതിരു വരെ ബാധിച്ചിരുന്നു.

## സംഘടന അനിവാര്യം

ഇങ്ങനെ ഉത്തരകേരളത്തിൽ കുടിയായ്മാവകാശത്തിനു വേണ്ടിയുള്ള സംഘടിത കർഷക പ്രസ്ഥാനത്തിൻെറ ഭാഗമായും തിരുവിതാംകൂർ പ്രദേശത്തു് കർഷകതൊഴിലാളികളിൽ ഒരു ഗണ്യമായ വിഭാഗത്തെ ഉാംക്കൊള്ളുന്ന അധഃകൃത (ഹരിജന) സമുദായ സംഘടനകളുടെ രൂപത്തിലും സംഘടിത പ്രസ്ഥാനത്തിൽ പങ്കുകൊള്ളാൻ തുടങ്ങിയ കേരളത്തിലെ കർഷകതൊഴിലാളികാംക്ക് സ്വന്തമായ ഒരു സംഘടിത പ്രസ്ഥാനം കൂടിയേ കഴിയൂ എന്ന സ്ഥിതി വളർന്നു വരാൻ തുടങ്ങിയിട്ട് കാലം കുറച്ചായി.

## പട്ടിക 1

കൃഷിക്കാരുടെയും കാർഷികത്തൊഴിലാളികളുടെയും കാർഷികേതര മേഖലകളിലെ തൊഴിലാളികളുടെയും ശതമാനക്കണക്കു്. (മൊത്തം തൊഴിലാളികൾ നൂറെന്നെടുത്താൽ.) 1971-ലെ സെൻസസ് അനുസരിച്ചു്

| | കൃഷിക്കാർ 1961ൽ | കൃഷിക്കാർ 1971ൽ | കർഷകത്തൊഴിലാളികൾ 1961ൽ | കർഷകത്തൊഴിലാളികൾ 1971ൽ | കാർഷികേതര മേഖലയിലെ തൊഴിലാളികൾ 1961ൽ | കാർഷികേതര മേഖലയിലെ തൊഴിലാളികൾ 1971ൽ |
|---|---|---|---|---|---|---|
| കേരളം മൊത്തത്തിൽ | 20 92 | 7 95 | 17 38 | 30 68 | 61 70 | 51 37 |
| കണ്ണൂർ | 24 29 | 18 36 | 17 48 | 33 84 | 58 23 | 47 80 |
| കോഴിക്കോട് | 12 78 | 14 59 | 11 24 | 28 17 | 75 98 | 59 24 |
| മലപ്പുറം | 21 21 | 18 82 | 19 06 | 38 79 | 59 73 | 42 39 |
| പാലക്കാട് | 20 06 | 15 80 | 34 50 | 48 40 | 45 44 | 34 80 |
| തൃശ്ശൂർ | 16 58 | 13 98 | 15 11 | 33 40 | 68 31 | 52 62 |
| എറണാകുളം | 20 61 | 14 63 | 14 09 | 21 74 | 65 30 | 63 63 |
| കോട്ടയം | 19 99 | 24 27 | 15 04 | 25 04 | 64 97 | 49 79 |
| ആലപ്പുഴ | 17 99 | 16 75 | 19 19 | 31 93 | 62 82 | 51 32 |
| കൊല്ലം | 31 67 | 27 17 | 13 70 | 19 92 | 54 63 | 52 91 |
| തിരുവനന്തപുരം | 21 51 | 14 16 | 14 65 | 29 95 | 63 84 | 55 89 |

ലിചെയ്തു പോന്ന സമുദായങ്ങളിൽപെട്ടവരും അല്ലാത്തവരുമായി ഇന്നു കഷ്കത്തൊഴിലാളികളായിട്ടുള്ള എല്ലാ ജനവിഭാഗങ്ങളെയും ഉൾക്കൊള്ളിക്കുന്ന ഒരു സംഘടിത കർഷകത്തൊഴിലാളി പ്രസ്ഥാനം അടുത്തകാലത്തായി വളർന്നുവന്നിട്ടുള്ളതു്. ഇതിന്നിടയാക്കിയ സാഹചര്യം–ഏതാണ്ടു് നാലുദശാബ്ദങ്ങൾക്കുമുമ്പു് ഉത്തര കേരളത്തിൽ കുടിയായ്മാവകാശങ്ങളെ ആസ്പദമാക്കി ഒരു സംഘടിത കർഷക പ്രസ്ഥാനം വളർന്നുവരാൻ തുടങ്ങിയ കാലത്തെയും ഇന്നത്തെയും സ്ഥിതിഗതികൾ തമ്മിലുള്ള വ്യത്യാസം–എന്തെന്നു് ചുരുക്കത്തിലൊന്നു് നമുക്കു് പരിശോധിച്ചു നോക്കാം.

## ജന്മിത്വത്തിന്റെ അവസാനം

1) ഉത്തരകേരളത്തിൽ അന്നു നിലവിലിരുന്ന ജന്മി വ്യവസ്ഥ ഇന്നു മിക്കവാറും നാമാവശേഷമായിരിക്കുന്നു. പാട്ടം വാങ്ങിജീവിക്കുന്ന ജന്മികൾ എന്ന ഒരു വിഭാഗം കേരളത്തിൽ ഇന്നെവിടെയുമില്ല പാട്ടവ്യവസ്ഥയുടെ അവശിഷ്ടമായി കുടിയാന്മാരുടെ തലയിൽ ഇന്നും നിൽക്കുന്നതു് ഭൂപരിഷ്കരണനിയമത്തിൽ വ്യവസ്ഥപ്പെടുത്തിട്ടുള്ള പ്രതിഫലസംഖ്യയാണ് അതു പിരിക്കാൻ വേണ്ട നടപടികൾ ഗവൺമെന്റ് എടുക്കാൻ തുടങ്ങുമ്പോൾ അതിന്റെ പ്രത്യാഘാതം ഉണ്ടാവുകയും ചെയ്യും പക്ഷെ ഇന്നത്തെസ്ഥിതി അതല്ല പാട്ടമോ പ്രതിഫലസംഖ്യയുടെ ഗഡുവോ അടയ്ക്കാൻ കുടിയാന്നു് ഇണ്് ബാദ്ധ്യതയില്ല പോരെങ്കിൽ, അയാളെ ജന്മി ഒഴിപ്പിക്കുന്ന പ്രശ്നവുമില്ല. അങ്ങനെ പാട്ടഭൂമിയിൽ പൂണ്ണമായ ഉടമാവകാശം നേടുകയെന്ന കുടിയാന്റെ ചിരകാല സ്വപ്നം ഇന്നു് (പ്രതിഫലസംഖ്യ പിരിക്കാനുള്ള നടപടികൾ ഗവൺമെൻറ് എടുക്കാൻ തുടങ്ങുന്നതുവരെ എന്നർത്ഥം) ഒരു യഥാർത്ഥ്യമാണ്.

## ധനിക കൃഷിക്കാരുടെ ആവിർഭാവം

2 മിക്കവാറും പൂർണ്ണമായ ഉടമാവകാശം ലഭിച്ച ഈ കുടിയാന്മാരലാകട്ടെ, ഒരു ചെറുവിഭാഗം താരതമ്യേന ഭേദപ്പെട്ട ധനിക കൃഷിക്കാരണ്. പ്രതിഫല സംഖ്യ പിരിച്ചെടുക്കാനുള്ള നടപടികൾതുടങ്ങി യാൽപോലും അതുകൊണ്ടു് ഇവരുടെ ഭൂമി നഷ്ടപ്പെടുകയില്ല. പ്രതിഫല സംഖ്യ തക്കസമയത്തു് അടച്ചു് ഉടമാവകാശം ഉറപ്പിക്കാൻ ഇവർക്കുകഴിയും കൂടാതെ "ഹരിത വിപ്ലവം" നടപ്പിലാക്കുന്നതിനുവേണ്ടി ഗവൺമെന്റ് ആവിഷ്കരിച്ച പദ്ധതികളിലൂടെ സ്വന്തം ഭൂമിയുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിച്ചു് കൂടുതൽ കൂടുതൽ ധനികരാവാൻ ഇവർക്കു കഴിഞ്ഞിട്ടുമുണ്ടു്. ഇവരുടെ കീഴിൽ ഡസൻ കണക്കിൽ കർഷകത്തൊഴിലാളികൾ പണിയെടുക്കുന്നു. അങ്ങിനെ ഇവരും ജന്മികളും തമ്മിൽ മുമ്പുണ്ടായിരുന്ന വൈരുദ്ധ്യത്തിനു പകരം ഇവരും കർഷകത്തൊഴിലാളികളും തമ്മിൽ പുതിയൊരു വൈരുദ്ധ്യം രൂപം കൊണ്ടിരിക്കുകയാണ്.

## ഭൂരിപക്ഷത്തിന്റെ പാപ്പരീകരണം

3 പക്ഷെ മുമ്പത്തെ കുടിയാന്മാരിൽ ഒരു ചെറു വിഭാഗത്തിന്നുമാത്രമേ ഈ നിലയിൽ എത്താൻ കഴിഞ്ഞിട്ടുള്ളു. അവർക്കു മുഴുവൻ സ്വന്തം ഭൂമിയിൽ ഉടമാവകാശം കിട്ടിയിട്ടുണ്ടെന്നതു് നേരാണ്. പക്ഷെ അവരിൽ ഭൂരിപക്ഷത്തിനും "ഹരിതവിപ്ലവ"ത്തിൽനിന്നു് യാതൊരു നേട്ടവുമുണ്ടായിട്ടില്ല. ഉല്പാദനം വർധിപ്പിക്കുന്നതിനു ആവശ്യമായ മുതൽ മുടക്കിനുവേണ്ട സാമ്പത്തിക ശേഷിയില്ലാത്തതു നിമിത്തം അവരുടെ കാർഷികവൃത്തി ആദായകരമല്ലാതാണിരിക്കുന്നതു് കാലാവസ്ഥ മെച്ചപ്പെട്ട വർഷങ്ങളിൽപ്പോലും പല കാരണങ്ങളാലും കടക്കാരായിത്തീരേണ്ടിവരുന്ന ഇവർ കാലക്രേമേണ വരുമ്പോൾ പൊളിഞ്ഞു പാപ്പരാവുകതന്നെചെയ്യുന്നു. പ്രതിവർഷമുണ്ടാകുന്ന ഈ അധഃപതനം അവരുടെ ഭൂമി നഷ്ടപ്പെടാനിടയാകുന്നു. അവരിൽ ഒരു വിഭാഗം കാർഷികത്തൊഴിലാളികളുടെ അണികളിലുമററുള്ളവർ മററുകൂലിവേലക്കരുടേയോ ശമ്പളക്കാരുടെയോകൂട്ടത്തിലും പെടുന്നു.

## ജന്മികളിൽ വന്ന മാററം

4 മുൻകുടിയാന്മാരിൽ എന്ന പോലെ മുൻജന്മികളിലും ഇതേമാററങ്ങൾ വന്നിട്ടുണ്ടു്; വന്നുകൊണ്ടിരിക്കുന്നുണ്ടു്. അവരിലൊരു ചെറു ന്യൂനപക്ഷം പാട്ടം പിരിച്ചു ജീവിക്കുന്ന ജന്മികളെന്ന നിലയിൽനിന്നു് കൂലിക്കാരെവെച്ചു് പണിയെടുപ്പിച്ചു് ലാഭമുണ്ടാക്കുന്ന കാർഷിക മുതലാളിമാരെന്ന നിലയിലേക്കു മാറിയിട്ടുണ്ടു്. പക്ഷെ അവരിൽ ഭൂരിപക്ഷം പാപ്പരായിതീർന്നു് കർഷകത്തൊഴിലാളികളുടെയോ, മററു കൂലിവേലക്കാരുടേയോ, ഇടത്തരം ജീവനക്കാരുടെയോ അണികളിൽ അടിഞ്ഞുകൂടിക്കൊണ്ടിരിക്കുകയാണ്.

## തിരുവിതാംകൂർ പ്രദേശത്തു്

5 മുമ്പത്തെ ജന്മികളിലും മുമ്പത്തെ കുടിയാന്മാരിലും വന്ന ഇതേമാററം ജന്മി വ്യവസ്ഥയില്ലാതിരുന്ന തിരുവിതാംകൂർ പ്രദേശത്തും വന്നുകൊണ്ടിരിക്കുന്നുണ്ടു്. "ഹരിതവിപ്ലവ"ത്തെ ചുററിപ്പററിക്കൊണ്ടുള്ള സാങ്കേതിക പരിവർത്തനങ്ങൾ ചെറുകിട ഭൂവുടമകളിൽ ഒരു ന്യൂനപക്ഷത്തെ ധനികകൃഷിക്കാരുടെയും കാർഷിക മുതലാളിമാരുടെയും നിലവാരത്തിലേക്കു ഉയർത്തിയിട്ടുണ്ടു് പക്ഷെ, ഭൂരിപക്ഷത്തിന്റെയും ഗതി നേരെമറിച്ചാണ്. സാങ്കേതിക പരിവർത്തനങ്ങൾക്കു വേണ്ട മുതൽമുടക്കിന്റെ കഴിവില്ലാത്ത അവർ വളരുന്നില്ല എന്നു മാത്രമല്ല ജീവിതവിഷമങ്ങൾ നിമിത്തം പാപ്പരായിത്തീരുന്നുമുണ്ടു്. അവരും കാർഷികതൊഴിലാളികളുടെ അല്ലെങ്കിൽ മററു കൂലിവേലക്കാരുടെ, അതുമല്ലെങ്കിൽ ഇടത്തരം ജീവനക്കാരുടെ അണികളിലേക്കു അടിഞ്ഞുകൂടുകയാണ്.

## കർഷകത്തൊഴിലാളികൾ വർദ്ധിക്കുന്നു

6 ഇതിൻെറ എല്ലാം ഫലമായി കർഷകത്തൊഴിലാളികളുടെ എണ്ണം പ്രതിവർഷം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അതിലാകട്ടെ, നല്ലൊരു വിഭാഗം പരമ്പരാഗതമായി കർഷകത്തൊഴിലാളി എന്ന നിലക്ക് ജീവിച്ചിരുന്ന സമുദായങ്ങളിൽ പെടാത്തവരാണുതാനും. അങ്ങിനെ കഷ്കത്തൊഴിലാളികളെ കർഷകത്തൊഴിലാളികളെന്ന നിലക്ക് (ചില സമുദായങ്ങളിൽപെട്ടവരെന്നനിലക്കോ, സംഘടിത കർഷകപ്രസ്ഥാനത്തിൻെറ ഭാഗം മാത്രമായോ അല്ലെന്നർത്ഥം) സംഘടിപ്പിക്കുന്നതു് ഒരാവശ്യമായിത്തീന്നിരിക്കുന്നു.

## കേരളത്തിൻെറ പ്രത്യേകത

ഇതാണ് കഴിഞ്ഞ ഏതാനും കൊല്ലങ്ങളായി സംഘടിത കർഷക പ്രസ്ഥാനത്തിൽനിന്ന് സ്വാതന്ത്ര്യമായും, എന്നാൽ അതിന്റെ ഒരു സഹോദര പ്രസ്ഥാനമെന്നനിലക്കും, കർഷക തൊഴിലാളി പ്രസ്ഥാനം രൂപം കൊള്ളാനുണ്ടായ സാഹചര്യം. ഇതിന്നാകട്ടെ, ഗണ്യമായ പല നേട്ടങ്ങളും ഉണ്ടാക്കാൻ കഴിഞ്ഞിട്ടുമുണ്ട് അവയെന്തെന്നും അവയെ ഉറപ്പിച്ച മുന്നോട്ട കൊണ്ടുപോവാനുള്ള മാർഗ്ഗങ്ങളെന്തെന്നും കോഴിക്കോട്ടുവെച്ച കൂടുന്ന മൂന്നാം സംസ്ഥാന സമ്മേളനം ചർച്ചചെയ്യും. അതിലേക്കു പ്രവേശിക്കാതെ തന്നെ, കർഷക തൊഴിലാളി പ്രസ്ഥാനത്തിൻെറ ചില സവിശേഷതകളിലേക്ക് വെളിച്ചംവീശുന്നതു് ആവശ്യമാണെന്നു തോന്നുന്നു.

കൃഷിക്കാരോ കർഷകത്തൊഴിലാളികളോ അല്ലാതെ മററു ജോലികളിലേർപ്പെട്ട് ജീവിക്കുന്നവരാണ് കേരളത്തിലെ ജനസംഖ്യയിൽ ഭൂരിപക്ഷമെന്നതാണ് ഇവിടെ എടുത്തു പറയേണ്ട ഒരു വസ്തുത 1971 ലെ സെൻസസ് അനുസരിച്ച് കൃഷിക്കാരുടെ ജനസംഖ്യയുടെ 17 95 ശതമാനവും കഷ്കത്തൊഴിലാളികളുടെതു് 30.68 ശതമാനവും, മററു ജോലിക്കാരുടേതു് 51.37 ശതമാനവും ആണ്. (ഇതിന്റെ ജില്ലതിരിച്ചുള്ള കണക്ക് പട്ടിക 1 ൽ കൊടുക്കുന്നുണ്ട്.)

കേരളത്തെ മററു സംസ്ഥാനങ്ങളിൽ നിന്ന് വേർതിരിച്ചു നിത്തുന്ന ഒരു സവിശേഷതയാണിതു്. ഇവിടത്തെ നാട്ടിൻ പുറങ്ങളിൽത്തന്നെ കാർഷികേതര ജോലികളിൽ ഏർപ്പെട്ടുന്നവർ വലിയൊരു വിഭാഗംവരും ജനസംഖ്യ കൂടുതലുള്ള കടലോര പ്രദേശങ്ങളിൽ ബഹുഭൂരിപക്ഷംതന്നെ മീൻപിടിത്തം, തൊണ്ടുതല്ല് കയർപിരി, ജലഗതാഗതം മുതലായവയുമായി ബന്ധപ്പെട്ടവരാണ് കിഴക്കൻ പ്രദേശങ്ങളിലാകട്ടെ, തോട്ടം തൊഴിലാളികൾ, വനങ്ങളിൽ പണിയെടുക്കുന്നവർ മുതലായവർ നല്ലൊരു വിഭാഗംവരും. ഇങ്ങനെ കാർഷികേതര മേഖലകളിൽ കൂലിവേലക്കാരായി പ

ണിയെടുക്കുന്ന ഗ്രാമീണ തൊഴിലാളികളുടെ നടുക്കാണ് കർഷകത്തൊഴിലാളികൾ തങ്ങളെ ബാധിക്കുന്ന സവിശേഷപ്രശ്നങ്ങളെ ആസ്പദമാക്കി സംഘടന കെട്ടിപ്പടുക്കുന്നതു്; ആവശ്യങ്ങൾക്കുവേണ്ടി സമരങ്ങൾ നടത്തുന്നതു്.

കൂലിവേലക്കാരല്ലാതെ സ്വന്തം ഭൂമിയിൽ കൃഷിചെയ്യുന്ന കൃഷിക്കാരിൽ തന്നെ ഭൂരിപക്ഷം ചെറുകിടക്കാർ ആണെന്നതാണ് രണ്ടാമത്തെ സവിശേഷത. ഇതും കേരളത്തെ മററു സംസ്ഥാനങ്ങളിൽനിന്ന് വേർതിരിച്ചു നിർത്തുന്നു 1971 ലെ സെൻസസ് അനുസരിച്ചു് ഭൂമി കൈവശക്കാരിൽ 59.7 ശതമാനം ഒരേക്കറിൽ താഴെ മാത്രമുള്ളവരാണ്. അവരുടെ കൈവശമുള്ളതാകട്ടെ, മൊത്തം ഭൂമിയുടെ 12.4 ശതമാനം മാത്രവും. നേരെമറിച്ചു്, പത്തേക്കറിൽ കൂടുതൽ ഭൂമിയുള്ളവർ 2.5 ശതമാനമേ വരികയുള്ളു. അവരുടെ കയ്യിലുള്ള ഭൂമിയാകട്ടെ 28.1 ശതമാനം വരും. (രണ്ടാം പട്ടിക നോക്കുക)

## കൂട്ടായി സമരം ചെയ്യുക

അപ്പോൾ, കർഷകത്തൊഴിലാളി പ്രസ്ഥാനത്തിനു് മററു പ്രസ്ഥാനങ്ങളിൽ നിന്നു് ഒററപ്പെട്ടു നിൽക്കാനാവില്ല. കാർഷികേതര മേഖലകളിൽ കൂലിവേലയെടുത്തു ജീവിക്കുന്ന മററു തൊഴിലാളി വിഭാഗങ്ങൾ, ഭൂമിയിൽ ഉടമാവകാശമുള്ളവരിൽ ഭൂരിപക്ഷം വരുന്ന ചെറുകിടക്കാർ, ചെറുകിട ഉൽപ്പാദനോപകരണങ്ങൾ സ്വന്തമായുള്ള കൈത്തൊഴിൽക്കാർ മുതലാളിത്ത വികസനത്തിൻെറ അനിവാര്യഫലമായി അനുദിനം പാപ്പരായികൊണ്ടിരിക്കുന്ന ചെറുകിട ഇടത്തരം കൃഷിക്കാർ, മുതലായവർ കൂടി ഉൾക്കൊള്ളുന്ന നാട്ടിൻപുറങ്ങളിലെ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ ഒരു ഭാഗമാണവർ.

ഈ വിവിധ ജനവിഭാഗങ്ങളെയെല്ലാം ഒരു പോലെ ബാധിക്കുന്ന ഭക്ഷ്യദൗർല്ലഭ്യം, നിത്യോപയോഗ സാധനങ്ങളുടെ വിലക്കയററം, നികുതിവർദ്ധനവ്, കടഭാരം, പോലീസ് മർദ്ദനവും അഴിമതി ഭരണവും മുതലായവക്കെതിരായ സമരങ്ങളിൽ മററു ജനവിഭാഗങ്ങളോടൊപ്പം നിന്നു പോരാടുന്നതു് കർഷകത്തൊഴിലാളികളുടെ രക്ഷക്കു തന്നെ ആവശ്യമാണ്.

അതുപോലെ, മററദ്ധ്വാനിക്കുന്ന ബഹുജനങ്ങൾ അവരുടെ സ്വന്തം ആവശ്യങ്ങൾക്കുവേണ്ടി നടത്തുന്ന സമരങ്ങളിൽ അവരെ സഹായിക്കുകയും, അവയുടെ സഹായം കർഷകത്തൊഴിലാളികളുടെ സമരങ്ങൾക്കു നേടുകയും ചെയ്താൽ മാത്രമേ സംഘടിത കർഷകത്തൊഴിലാളി പ്രസ്ഥാനം വളരുകയുള്ളു.

## പട്ടിക 2

കൈവശക്കാരും അവരുടെ കൈവശത്തിലുള്ള ഭൂമിയും ശതമാനക്കണക്കിൽ (1966-67ലെ കണക്കനുസരിച്ച്)

| | | ഒരേക്കറിൽ താഴെ | 1_25 ഏക്കർ | 25-10 ഏക്കർ | 5-10 ഏക്കർ | 10_15 ഏക്കർ | 15-20 ഏക്കർ | 20-25 ഏക്കർ | 25 ഏക്കറും അതിന്നു മേലെയും |
|---|---|---|---|---|---|---|---|---|---|
| കേരളം മൊത്തത്തിൽ | കൈവശക്കാർ | 59.7 | 22.1 | 10.1 | 5.6 | 1.5 | 0.4 | 0.2 | 0.4 |
| | കൈവശമുള്ളഭൂമി | 12.4 | 18.7 | 19.6 | 21.2 | 9.9 | 3.3 | 2.5 | 12.4 |
| തിരുവനന്തപുരം | കൈവശക്കാർ | 66.6 | 22.6 | 6.1 | 3.5 | 2.2 | ... | ... | ... |
| | കൈവശമുള്ള ഭൂമി | 21.3 | 28.0 | 18.9 | 19.2 | 11.6 | 0.4 | ... | 0.6 |
| കൊല്ലം | കൈവശക്കാർ | 57.4 | 26.8 | 8.7 | 5.9 | 1.2 | ... | ... | ... |
| | കൈവശമുള്ള ഭൂമി | 15.0 | 25.7 | 21.8 | 28.5 | 8.1 | 0.3 | ... | 0.6 |
| ആലപ്പുഴ | കൈവശക്കാർ | 72.9 | 16.6 | 8.9 | 1.0 | 0.2 | 0.1 | 0.1 | 0.2 |
| | കൈവശമുള്ള ഭൂമി | 22.0 | 22.8 | 28.1 | 6.9 | 1.7 | 1.1 | 2.2 | 15.2 |
| കോട്ടയം | കൈവശക്കാർ | 46.3 | 23.2 | 11.8 | 12.0 | 3.5 | 1.1 | 0.1 | 2.0 |
| | കൈവശമുള്ള ഭൂമി | 5.4 | 12.3 | 12.2 | 25.6 | 13.7 | 5.5 | 0.5 | 24.8 |
| എറണാകുളം | കൈവശക്കാർ | 66.1 | 15.4 | 9.2 | 7.5 | 1.1 | 0.3 | 0.1 | 0.3 |
| | കൈവശമുള്ള ഭൂമി | 13.8 | 15.1 | 20.7 | 31.8 | 9.3 | 3.4 | 0.9 | 5.0 |
| തൃശ്ശൂർ | കൈവശക്കാർ | 59.2 | 16.2 | 11.9 | 8.3 | 2.0 | 0.9 | 0.8 | 0.7 |
| | കൈവശമുള്ള ഭൂമി | 8.3 | 11.4 | 18.7 | 24.4 | 9.7 | 6.9 | 8.3 | 12.3 |
| പാലക്കാട്ട് | കൈവശക്കാർ | 63.3 | 18.4 | 9.3 | 5.8 | 2.2 | 0.3 | 0.2 | 0.5 |
| | കൈവശമുള്ള ഭൂമി | 12.5 | 16.3 | 18.0 | 22.7 | 15.0 | 2.9 | 2.3 | 10.3 |
| കോഴിക്കോട്ട് | കൈവശക്കാർ | 60.3 | 25.8 | 11.1 | 1.9 | 0.4 | 0.2 | 0.2 | 0.1 |
| | കൈവശമുള്ള ഭൂമി | 20.2 | 28.4 | 27.0 | 9.2 | 3.4 | 2.5 | 2.8 | 6.5 |
| കണ്ണൂർ | കൈവശക്കാർ | 42.2 | 29.5 | 14.7 | 8.4 | 2.9 | 0.8 | 0.6 | 0.9 |
| | കൈവശമുള്ള ഭൂമി | 5.6 | 15.1 | 17.1 | 19.1 | 11.6 | 4.4 | 4.3 | 22.2 |

3783

1078

PC Library & Research Center

## ചില ഭൂപ്രശ്നങ്ങൾ

—കേന്ദ്രകമ്മററി പ്രമേയം

## പണിയെടുക്കുന്ന കൃഷിക്കാരുടെ കർഷകസംഘം

—ഇ. എം. എസ്സ്.

3783

## കർഷകത്തൊഴിലാളി പ്രസ്ഥാനം സമരൈക്യത്തിലൂടെ കരുത്താർജ്ജിച്ചു മുന്നേറുക.

—ഇ. എം. എസ്സ്.

PG Library & Research Center

കേരള കർഷകസംഘം പ്രസിദ്ധീകരണം

1974 ജനുവരി

വില 30 പൈസ